


# KFOG

APRIL 2021

# HEAL

**A KFOG SOCIAL CULTURAL HUB INTIATIVE**

# presidents message



Dear KFOGites,

The last year has been particularly challenging for all of us due to circumstances arising out of the pandemic.The lack of social interaction was one of the most sad aspects of the pandemic.One of the brightest things to happen as a fallout was the way KFOG members adapted to the circumstances and converted an adverse event into an opportunity for better interaction.

The formation of the social cultiural hub was instrumental in unearthing a lot of hidden potential among KFOGites .I am happy to see that members of the hub have contributed with lot of enthusiasm to this compilation which is aptly titled HEAL.This compilation is a tribute to the resilience shown by all of us during difficulties and will be an inspiration for generations to come.I extend my congratulations to each and every contributor and pray for the good health and well being of all of you.

Jai KFOG

**DR AMBUJAM**
President KFOG

# from the secretary's desk



Dear Colleagues

When it was decided to host a virtual AKCOG this year,we had a lookback at what was most significant development from the perspective of KFOG in a year that has been full of negativity and pessimism.Undoubtedly the formation of the Social and Cultural Hub and the enthusiasm and camaraderie displayed by its members has put a smile on the faces of many.It has contributed to healing the wounds caused by circumstances beyond our control and hence the title HEAL.The hub is a forum where our members have displayed the unique ability to heal human sorrow by different healing arts.The forms of expression are varied ,from photography to cooking to poetry to just expressing thoughts and this book is a compilation of all these arts.

I wish to express my gratitude to Ambujam madam, the pillars of KFOG, Paily sir, Sekharan sir, Rajasekharan sir, the ever smiling Suchitra madam, all the individual compilers ,and of course all who contributed to this edition.It has been a real team effort.I must have troubled Mr David of Smriti Design but his artistic talents have done justice to the contributions. We hope you will like this attempt at capturing the spirit and enthusiasm of KFOGites and will be a reminder of how we cheered up one another during Corona times.

**Dr Venugopal**

SECRETARY KFOG



The Hub……….

It was in March 2nd 2020; the first case of COVID-19 was reported from India (from Kerala) and by that time it has already shown the its grip on Humanity as a Pandemic. Daily reporting of thousands of new cases and hundreds of deaths from Italy and other parts of the world started pouring in. Sad stories of removing the ventilators form patients with less chance of survival and connecting to salvageable cases! Triaging of war causalities- Do not waste your time and resources for hopeless cases, use it for salvageable ones. (Is it ignoring a dying man? Can you do it to any human being? Who decides that somebody’s life is not worth saving?) Even a stage when someone is not given (not possible to give) a decent burial! Siren of the Ambulance – Death bell!

We had our share of problems also- lockdown, responsibilities of looking after our patients especially the pregnant women. Protecting our patients, family members and ourself from COVID-19 was a real concern. KFOG started having virtual meetings of how to improvise PPE kits and having virtual consultation.

Life was becoming bit difficult. Not depressed, but not able to be cheerful! That is the time HUB-the centre of activity- was started by the Secretary General of KFOG, Dr.M.Venugopal, a great idea! Thank you Venu.

The hub soon became the real centre of activity of KFOG-with art, culture, social and comradery. Many people joined the hub and started contributing- music, dance, painting, photography, cooking, food decoration, bird watching, fashion, hairstyle, (Corona cut) travel photos, horticulture and many more, involving other members of family and friends- a group of more than thousand people. It was good relaxation watching all the fun during the difficult time that we all faced (hopefully it is getting over) We could see many of our members through this hub than otherwise. There are many talented stars in our group! I am proud of you all.

I thank all of you for helping me to tide over the difficult time.

**PK Sekharan**

# The Nonprofessional side of the Gynecologist



## The Nonprofessional side of the Gynecologist

"***Man does not live by bread alone".*** The professionals have to find time for disengaging from professional activities and worries and relax. It is amazing when we reflect on the way the social and cultural hub of KFOG evolved into a reality to cater to this need. We can call it a byproduct of Covid 19 pandemic. We needed a forum to showcase the hitherto unknown talents of obstetrician gynecologists. And look at the way it shaped up providing entertainment and engagement for all of us. The diversity and the source of the talents that surfaced were beyond anybody's expectation – be it acting, photography, carving, travelogues, cookery, dancing and many others. It was the apt step for KFOG to recognize these talents and arrange for healthy competitions.

Just a suggestion, it may be worth archiving the selected presentations and have a central depository for us to reminesce later. It can be in the form of videos, pictures and wrtings.

Congratulations to the team of Ambujam, Ajith and Venu for making the cultural and social hub of KFOG a reality and Suchithra among many others for being the coordinator.Congratulations especially to the first batch of winners-Kammappa, Geetha,Sinsula,Tulsi, Elizabeth and Simi and the regular contributors likeSathi, Divya,Shyama,Shyjus,Subash,Padmam,Hema, Jayasree, Megha ……… and the occasional contributors with their googlies like Vinayan……….

Best Wishes to Suchitra and team for this fantastic initiative to coincide with the first virtual AKCOG

**V P Paily**



Dear Friends,

We are all part and participants in a HUB of Happiness, Positivity and Creativity....

How did it begin? We all were rather desperate and needed a diversion to keep our sanity in the chaotic Covid times.

Our President Dr Ambujam and Secretary general Dr Venugopal put their heads together and came up with this brilliant idea of a common platform across all the Societies of KFOG, encouraging exchange of ideas, inspiring each other and forming virtual bonds of friendship.

It kept our spirits buoyed up, in spite of the stress and strain of our profession. It rekindled our artistic capabilities, buried under our gloves and stethoscope.

A new world opened up...a treasure trove of arts....dance, music, paintings, poetry, photos, travelogues, quizzes, culinary expertise etc came to the fore... It was easier to share our highs and lows with a set of steady, non judgemental friends, many who were not even actually known to us. The carefree banter...was beyond age and stage.. Very refreshing!

Then came the Corona Diaries, swiftly followed by the Corona Cookbook ..followed by the gala online competitions based on the Four Elements... Earth, Water, Fire and Air. What a variety of ideas and performances .. Really superb!

Now, as we come to the end of this eventful year and as the baton is being handed over.... we have attempted to capture the quintessence of the Hub activities in this Souvenir "Heal", as it truly provided the gentle healing touch we needed so much!

A big Thank You, to all our Hubmates .... Let's keep rocking... Covid or not!

Yours lovingly

**Suchitra**



The Healing ARTS
KFOG 2021
EXPRESSION

# മൗനത്തിലും
# മുഴങ്ങുമെൻ മലയാളം ......

1. വെബിനാർ – ഒരു പെരിയാറു പോലെ – ഡോ. വി. രാജശേഖരൻ
2. പ്രണയത്തിന്റെ രാജകുമാരിയെ ഓർക്കുമ്പോൾ – ഡോ. കദീജ മുംതാസ്
2. മറഞ്ഞ സന്ധ്യകൾ പുനർജ്ജനിക്കുമോ ? – ഡോ. മായാദേവി കുറുപ്പ്
4. ഗുരുപ്രണാമം – CMC ഓർമ്മകൾ – ഡോ. കമ്മാപ്പ
5. Mechanism of Labour 2.0 Reloaded ഡോ. രേഷ്മ സാജൻ
6. കുഞ്ഞാവയുടെ അപ്പ – ഡോ. അക്ക പ്രിയ വർഗീസ്
7. ഒരു മഴയ്ക്കായി – ഡോ ഷോണി തോമസ്
8. 'മ' – ഡോ. രേഷ്മ സാജൻ
9. കൊറോണ – ഒരു പാരഡി – ഡോ. ഗീത രാജീവ്
10. കോട്ടയും കാറ്റും പുലരിയും – ഡോ. ഹേമ വാര്യർ
11. ഒരു കമ്പിളിപ്പുതപ്പിന്റെ കഥ – ഡോ. ഗീത. എ.പി.
12. ബഗീരാ നീ മരിച്ചു പോവല്ലേ – ഡോ. മുംതസ്
13. പുദിയ മലയാലം കലി – ഡോ . രേഷ്മ സാജൻ



**KFOG Cultural Hub Souvenir**
Malayalam Articles
Collector : **Dr. Reshma Sajan**
*Associate Professor*
*GMC, Palakkad*




**Dr. V. Rajasekharan Nair**
*HOD, Obgyn, SUT Hospital,*
*Pattom, Trivandrum.*
*Laison officer, KFOG.*




# പെരിയാറേ പെരിയാറെ പർവ്വത നിരയുടെ പനിനീരേ .... എന്ന പാട്ടിന്റെ ആധുനിക വേർഷൻ

**വെബിനാറേ .....**

വെബിനാറേ വെബിനാറേ കോവിഡു കാലത്തെ
സെമിനാറേ .....
സൂമിൽ തത്തിക്കളിച്ചു നടക്കും പരദേശി
പെണ്ണാണു നീ
ഒരു സുന്ദരിപ്പെണ്ണാണു നീ...
വെബിനാറേ വെബിനാറേ .....
USA തന്നിൽ പിറന്നൂ, പിന്നെ യൂറോപ്പിലാകെ
യലഞ്ഞു ....
ഗ്രാമം കാണാത്ത നാണം തീണ്ടാത്ത മോഡേൺ
പെണ്ണാണു നീ....
ഒരു മോഡേൺ പെണ്ണാണു നീ.....
വെബിനാറേ വെബിനാറേ .....
നാടാകെ വെബിനാറുകൾ ചെയ്യേണം, നാലാൾക്ക്
വിവരം വിളമ്പേണം ...

0 & G ആണേലും ENT ആണേലും
ചേലുള്ള പെണ്ണാണു നീ.....
നല്ല ചേലുള്ള പെണ്ണാണു നീ......
നല്ല ചേലുള്ള പെണ്ണാണു നീ.....
വെബിനാറേ ..... വെബിനാറേ .....

വീഡിയോയും ഓഡിയോയും മ്യൂട്ട് ചെയ്ത്,
പോകാനൊരുങ്ങുകയാണല്ലോ ....
മലപ്പുറം പോകണം .... മൊയ്തീനെ കാണണം ....
വെബിനാറു തരമാക്കേണം ......
നല്ലൊരു വെബിനാറു തരമാക്കേണം ....
വെബിനാറേ ... വെബിനാറേ .....



# പ്രണയത്തിന്റെ രാജകുമാരിയെ ഓർക്കുമ്പോൾ



**DR KHADEEJA MUMTHAZ**
*Kerala Sahithya Academy Vice Chairman*
*Former Professor GMC, Kozhikode*

പ്രണയ ദരിദ്രമായ പുതുകാലത്ത് മാധവിക്കുട്ടിയുടെ പുനർവായനകൾ കൂടുതൽ കൂടുതൽ ഉണ്ടാകേണ്ടതുണ്ട് എന്നു തോന്നുന്നു. ഈയിടെ കേരളീയ മനസ്സാക്ഷിയെ ഞെട്ടിച്ച പ്രണയ ദുരന്തം എത്രമാത്രം പ്രണയവിരുദ്ധരായിരിക്കുന്നു നാം എന്നുകൂടി ഓർമ്മിപ്പിക്കുന്നുണ്ട്. പ്രണയ വിവാഹം ചെയ്ത ചെറുപ്പക്കാരനെ, കെവിൻ ജോസഫിനെ അറുംകൊല ചെയ്തു പെൺകുട്ടിയെ കൊടുംവിരഹത്തിലേക്കും നിസ്സഹായതയിലേക്കും ബന്ധുക്കൾ തള്ളിയിട്ടത് വിവാഹത്തിന്റെ മൂന്നാമത്തെയോ, നാലാമത്തെയോ നാളാണ്! പ്രണയിക്കുന്ന മനസ്സുകളെ ഇവ്വിധം ബലം പ്രയോഗിച്ചകറ്റി അവർ സ്ഥാപിച്ചെടുക്കാൻ ശ്രമിച്ചത് എന്താണ്? പ്രണയമില്ലാത്ത ഒരു ഊഷര ദാമ്പത്യത്തെ! ദാമ്പത്യത്തിൽ പരസ്പര സ്നേഹത്തിന് എത്ര വില കുറഞ്ഞ സ്ഥാനമാണ് നാം നൽകുന്നത് എന്നാലോചിക്കുമ്പോൾ അമ്പരപ്പുണ്ടാകേണ്ടതാണ്. ജാതി, മതം, സമ്പത്ത്, സാമൂഹ്യപദവി, തൊലിയുടെ നിറം എന്നിവ മുൻനിരയിലേക്ക് തള്ളിക്കയറി വരുമ്പോൾ സ്നേഹം ഇവയ്ക്കിടയിലെവിടെയോ ശ്വാസംമുട്ടി മരിച്ചു പോകുന്നു.

ഈയിടെ ആത്മഹത്യയിലൂടെ ഈ ലോകമുപേക്ഷിച്ചു പോയ ജിനേഷ് മടപ്പള്ളിയുടെ കവിത ഇങ്ങനെ-

ഒരു ദിവസം/ ഒരാൾ /നിന്നെ പെണ്ണുകാണാൻവരും
ആ നിമിഷം വരേക്കും/അയാൾ നിന്നെ
ഓർത്തിട്ടുണ്ടാവില്ല
ശബ്ദം കേട്ടിട്ടുണ്ടാവില്ല/നിന്റെ സ്നേഹത്തിന്റെ /
തണുപ്പറിഞ്ഞിട്ടുണ്ടാവില്ല
അയാളുടെ ഒരു കവിതയിലും കണ്ണീരിലും,
നിന്റെ പേരില്ല
നീയില്ലെങ്കിൽ നിലച്ചു പോവുന്ന /
ഒരു ഹൃദയവും അയാൾക്കില്ല.
അവൻ നിന്നോടു ചോദിക്കും /ഇഷ്ടമായോ?/ അതെ.
പൊടുന്നനെ/ ഒരു ടൺ പ്രണയവും /
ഒരായുസ്സിന്റെ സ്വപ്നവും
ഒരു കടലോളം ചോരയോടൊപ്പം/
നിനക്കു പിറകിലൂടെ /ഒഴുകിപ്പോകും.

പ്രണയിക്കും മുമ്പ്, അതിനു പാകമാവും മുമ്പ് ദാമ്പത്യത്തിലേക്ക് തള്ളിയിടപ്പെട്ടവളാണ് കമല. കമ ലയെ ദാസേട്ടൻ പ്രണയിച്ചിരിക്കാം, ദാസേട്ടനെ അല്പം വൈകിയെങ്കിലും കമലയും. എങ്കിലും പ്രണയരഹിതമായ ഒരു ദാമ്പത്യത്തിന്റെ നിരർത്ഥകത, അതിലെ അശ്ലീലം



പ്രണയമില്ലാത്ത ദാമ്പത്യത്തിൽ തളയ്ക്കപ്പെട്ടവൾക്ക് ഇണയോട് അവിശ്വസ്തയാകാം എന്ന് അവരെഴുതിയപ്പോൾ പരമ്പരാഗത പുരുഷ വ്യവസ്ഥ ഞെട്ടിത്തെ

റിച്ചു. ലൈംഗികതയെപ്പറ്റി മറയില്ലാതെ സംസാരിക്കുന്ന ആ സ്ത്രീ എഴുത്തുകാരി പുരുഷന്മാരെ മാത്രമല്ല, വ്യവസ്ഥയുടെ തുണുകളായി വർത്തിക്കുന്ന സ്ത്രീകളെയും അസ്വസ്ഥരാക്കി. ലിഖിതവും അലിഖിതവുമായ വ്യവസ്ഥയുടെ നിയ്രന്ത്രണങ്ങളെ ഉപ്പറ്റി തികഞ്ഞ ബോധ്യമുള്ളവരും അവയെ അനുസരിച്ചു ജീവിക്കുന്നവരുമാണല്ലോ അവർ. അത്തരം ജീവിതമേല്പിക്കുന്ന സംഘർഷങ്ങളും അസംതൃപ്തികളും മാത്രമല്ല, സ്ത്രീ കാമനകളും കമല ആത്മധൈര്യത്തോടെ തുറന്നെഴുതി. അതു പിന്നാലെ വന്ന എഴുത്തുകാരികൾക്കും ഊർജ്ജം നൽകി. സ്ത്രീവാദത്തിനു പുതിയ മുഖവും ഉണർവും നൽകി. എത്ര വെറുപ്പു ഭാവിച്ചാലും അവരുടെ എഴുത്തും പുരുഷനും നിതാന്ത ആകർഷണമായി.

കമലയുടെ രചനകളെപ്പറ്റി സംസാരിച്ചു തുടങ്ങുന്നവർ എപ്പോഴും വഴിതെറ്റി അവരുടെ ജീവിതത്തിലേക്കു തന്നെ എത്തിച്ചേരുന്നതിനെയോർത്ത് ഏറെപ്പേർ ആവലാതിപ്പെടുന്നതു കേട്ടിട്ടുണ്ട്. വാസ്തവത്തിൽ അത്തരമൊരു ആവലാതിയുടെ ആവശ്യമുണ്ടോ? മാധവിക്കുട്ടിയുടെ ജീവിതം സർഗ്ഗകൃതികളുമായി അത്രമേൽ കെട്ടു പിണഞ്ഞു കിടക്കുകയല്ലേ? ഭാവനയും ജീവിതവും തമ്മിലുള്ള അതിർ വരമ്പുകൾ മായ്ചുകളഞ്ഞവരാണവർ. തന്റെ ജീവിതവും മരണംപോലും ഏറെ സർഗ്ഗാത്മകമാക്കിയവർ. എന്റെ കഥയും, നീർമാതളം പൂത്തകാലവും, ബാല്യകാലസ്മരണകളു മൊന്നുമില്ലാതെ അവരുടെ സർഗ്ഗജീവിതം അപൂർണ്ണമാണു താനും. സ്വന്തം ജീവിതമെന്ന പേരിൽ അവരെഴുതി വെച്ചതിനെ നാം, വായനക്കാർ എങ്ങനെ സമീപിക്കുന്നു എന്നതിൽ മാത്രമാണ് വൈരുധ്യങ്ങളും വിവാദങ്ങളുമിരിക്കുന്നതും. എന്റെ കഥ ദീർഘകാലങ്ങൾക്കു ശേഷം വീണ്ടും വായിക്കുമ്പോൾ അത് അക്കാലത്തുണ്ടാക്കിയ വിവാദങ്ങൾക്കപ്പുറം തീവ്രമായ വേദനയുളവാക്കുന്ന ഒരനുഭവമായി മാറുന്നുണ്ട്. സ്നേഹത്തിനു വേണ്ടിയുള്ള ഒരു ഹൃദയത്തിന്റെ നിതാന്തമായ അലച്ചിൽ, പിടച്ചിൽ, സ്നേഹമന്വേഷിച്ച് ആ മനസ്സ് (ശരീരവും?) നിർഭയം ചെന്നെത്തുന്ന നിഗൂഢസ്ഥലികൾ, ലോകമേ, സദാചാര നിയമങ്ങളേ പുറത്തു നിൽക്കൂ, എന്റെ പ്രണയസാമ്രാജ്യത്തിനു പുറത്ത് എന്നാജ്ഞാപിക്കാനുള്ള പ്രണയമനസ്സിന്റെ ആത്മധൈര്യം, താൻ കണ്ടെത്തിയത് യഥാർത്ഥ പ്രണയമായിരുന്നില്ലെന്നറിയുമ്പോൾ വീണ്ടും തുടർച്ചയാവുന്ന അന്വേഷണങ്ങൾ... യാഥാർത്ഥ്യത്തിന്റെയും സങ്കല്പത്തിന്റെയും അതിർത്തികൾ മാഞ്ഞു പോകുന്ന അപൂർവ്വാനുഭവം തന്നെയാണ് ആ വായനകൾ.

എനിക്ക് സത്യത്തിനോടു തന്നെയാണ് പ്രിയം.



അന്യരെപ്പറ്റി നുണ പറയുന്നതാണ് തെറ്റ്. അവനവനെപ്പറ്റി പറയുന്നത് തെറ്റല്ലല്ലോ. എന്നതാണ് മാധവിക്കുട്ടിയുടെ മതം. പക്ഷേ അതൊരു മതമായോ, പൂർവ്വ നിശ്ചയമായോ വരുന്നതല്ല താനും. സഹജമായ നിഷ്കളങ്കതയോടെ, ചിലപ്പോഴൊക്കെ ബാല്യസഹജമായ കുസൃതിയോടെ, മറ്റു ചിലപ്പോൾ, പ്രിയ കഥാകാരി മാനസി പറയും പോലെ, വക്കറ്റം തിളയ്ക്കുന്ന പാത്രത്തിൽ നിന്ന് തെറിച്ചു വീഴുന്ന നീർത്തുള്ളികൾ പോലെ അതങ്ങനെ വാർന്നു വീഴുകയാണ്. അവനവനെ പറ്റിയാണോ, സ്നേഹിക്കപ്പെടുന്നവരെപ്പറ്റിയാണോ, തികച്ചും സാങ്കല്പിക സൃഷ്ടികളായ കഥാപാത്രങ്ങളെ പറ്റിയാണോ എന്നൊന്നും ആ വാർന്നു വീഴലിൽ വിച്ഛേദിക്കാനാവുന്നുണ്ടാവില്ല. ഉള്ളിലുള്ളതു അതേ പടി പകർത്തുമ്പോൾ എന്തൊരു സുഖമാണ്!' എന്നവർ പറയുന്നതും അതുകൊണ്ടാണ്. അത്തരം പകർന്നൊഴുകൽ തനിക്കു കൊണ്ടുവരാറുള്ള നിസ്സഹായതകളെപ്പറ്റിയും അവർ ആകുലയാണ്. പലപ്പോഴും എനിക്കെന്നെത്തന്നെ മനസ്സിലാകാറില്ല.'' കാല്പനികമായ, പലപ്പോഴും ഭ്രമാത്മകമായ ആ

എഴുത്തിന്റെ അടിസ്ഥാനവും ഈ സ്വയം മനസ്സിലാകായ്കയാണ്. ഈ ലോകം, അതിന്റെ കാപട്യങ്ങൾ, വ്യാജ സദാചാര വാദങ്ങൾ, നാട്യങ്ങൾ, അന്യന്റെ ബലഹീനതകളിലേയ്ക്കു ചുഴിയാനുള്ള വാസന, സർവ്വോപരി സ്നേഹരാഹിത്യം ഒക്കെ അവരുടെ മനസ്സിനെ സംഘർഷത്തിലാഴ്ത്തുന്നുണ്ട്. തന്നിലെ തന്നെ അപരത്വങ്ങൾ അവരെ സന്നിഗ്ദ്ധതയ ിലാഴ്ത്തുന്നുണ്ട്. ബാല്യകാലത്ത് അതീവസ്വത്രന്ത്രയായി മനസ്സിനെയും ശരീരത്തെയും അഴിച്ചു വിട്ടവൾ കൗമാരത്തിലെത്തുമ്പോഴാണ് ഈ വൈരുധ്യങ്ങുടെ ലോകത്തെപ്പറ്റി കൂടുതൽ കൂടുതൽ ചിന്താധീന യാകുന്നത്.

കൽക്കത്തയിലും പുന്നയൂർക്കുളത്തുമായി പകുത്തപ്പെട്ടതായിരുന്നു കമലയുടെ ബാല്യകൗമാരങ്ങൾ. അച്ഛന്റെ പട്ടാളച്ചിട്ടകളിൽ നിന്ന് കുതറിച്ചാടി സാഹസികയും അന്വേഷണാത്മകയും, ഹൃദയാലുവുമായ കമല അത്യന്തം അപകടകരങ്ങളായ സ്ഥലികളിൽ ശരീര സാന്നിധ്യമാകുന്നുണ്ട്. കാളീഘട്ടിൽ, പെൺവാണിഭക്കാരന്റെ വീട്ടിൽ, ധോബിയുടെ വീട്ടിലെ കല്ല്യാണത്തിന് ഭാംഗുകലർന്ന തണ്ടായി സർവത്തു വലിച്ചു കൂടിക്കുന്നവളായി...

മനസ്സാഗ്രഹിക്കുന്നിടത്തൊക്കെ ഓടിയെത്താൻ കമലയുടെ ശരീരത്തിനും അന്നൊക്കെ സാധിച്ചിരുന്നു. പക്ഷേ കൗമാരമിനുക്കുപണികൾ തന്റെ ശരീരത്തെ മറ്റൊരാളുടെ ഉടുപ്പു കടം വാങ്ങി ധരിച്ചപോലെ മാറ്റിത്തീർക്കാൻ തുടങ്ങിയപ്പോൾ പുന്നയൂർക്കുളത്തെ മുത്തശ്ശിയുടെ  ഇളിച്ചിക്കോത കൂടുതൽ കൂടുതൽ മൗനിയാകാൻ തുടങ്ങി. അച്ഛനമ്മമാരിൽ നിന്ന് കിട്ടാതെ പോയ സ്നേഹവും പരിഗണനയും നിറയെ കിട്ടിയിരുന്ന ഇടമായിരുന്നല്ലോ മുത്തശ്ശിയുടെ വീട്. നിങ്ങൾക്കു വിശ്വസിക്കാനാവുമോ ഞാൻ അത്തരമൊരു വീട്ടിൽ ജീവിച്ചിരുന്നുവെന്ന്... സ്നേഹത്തിന്റെ ചില്ലറത്തുട്ടുകൾക്കായി അപരിചിതരുടെ കവാടങ്ങളിൽ യാചിക്കുന്നവൾ? - മുത്തശ്ശിയുടെ വീട്- ഇംഗ്ലീഷ് കവിത, കമലാദാസ്)  എന്തേ കമലയ്ക്ക് മൗനം എന്ന അമ്മമ്മയുടെ ആവർത്തിച്ച ചോദ്യങ്ങൾക്ക് മറുപടിയായി ഒരിക്കൽ ആ കൗമാരക്കാരി പറയുന്നു, എന്റെ സ്വഭാവം അമ്മമ്മ വിചാരിക്കും പോലെ അത്ര നല്ലതൊന്നുമല്ല. ഞാൻ ആൺകുട്ടികളുടെ കൂടെ സിനിമയ്ക്കു പോകാറുണ്ട്. കൽക്കത്തയിലും തുണക്കാരിയായ പാറുക്കുട്ടി തറപ്പിച്ചു പറയുന്നു, കുട്ടി എന്റെ കൂട്യാ സിനിമയ്ക്ക് പോവാറ്. അല്ലെങ്കി നൂപ്പരുടെ കൂടെ. അല്ലാതെ ആരുടെ കൂടേം കുട്ടി സിനിമയ്ക്ക് പുവ്വാറില്ല എന്ന്. കമലക്കു മൗനം! ചെയ്യാനാഗ്രഹിച്ചവ, ചെയ്താൽ എന്താണു തെറ്റ് എന്നു മനസ്സു സന്ദേഹിക്കുന്നവ, ചെയ്യാൻ പാടില്ലെന്നു സമൂഹം വിലക്കുന്നു എന്നറിയുന്നവളുടെ സംഘർഷം, അതായിരുന്നു ആ ഏറ്റു പറച്ചിലിൽ. ഈ സംഘർഷം ഒരു പക്ഷേ, എല്ലാ കൗമാരക്കാരികളും അനുഭവിക്കുന്നതാണ്. സാധാരണ കുമാരിമാർ ആ ആഗ്രഹങ്ങളെ സാക്ഷാത്ക്കരിക്കാതെ, പ്രകടിപ്പിക്കുക പോലും ചെയ്യാതെ സമൂഹ സദാചാര ബോധ്യങ്ങൾക്കൊപ്പം സഞ്ചരിക്കുന്നു. കമലയാകട്ടെ, ശരീരം കൊണ്ടാകുന്നില്ലെങ്കിൽ മനസ്സുകൊണ്ടതു പ്രാവർത്തികമാക്കുന്നു. സങ്കല്പത്തേരിൽ ശരീരത്തിനെ കൂട്ടുകൂട്ടുന്നു. എന്നിട്ടത് യാഥാർത്ഥ്യമായി അവതരിപ്പിക്കുകയും എഴുതുകയും ചെയ്യും. ശരീരവും മനസ്സും പരസ്പരം കൈകോർത്ത് നിർഭയം വിളയാടുന്ന സഖികളാണ് കമലയ്ക്ക്. അവരെ പരസ്പരം വിടർത്തി രണ്ടായി കാണാൻ ശ്രമിക്കുന്നത് ആസ്വാദകരെന്ന നിലയിൽ ആ സർഗ്ഗധനയോടു ചെയ്യുന്ന മഹാപരാധമാകും. മാധവിക്കുട്ടിയുടെ സ്ത്രീ കഥാപാര്ത്തങ്ങൾ ഫെമിനിസ്റ്റ് എഴുത്തുകാരികളെന്നു കരുതപ്പെടുന്നവരുടെ കഥാപാത്രങ്ങളിൽ നിന്ന് അല്പം വ്യത്യസ്തരാണ്. മലയാളിമനസ്സിലുള്ള ശക്തരായ നവോത്ഥാനകാല സ്രീ സങ്കൽപങ്ങളിൽ നിന്നും അതെ. ത്യാഗബുദ്ധിയും, സാമൂഹ്യബോധവും, ആദർശ ധീരതയും തികഞ്ഞ പ്രബുദ്ധരായിരുന്നുവല്ലോ പുരുഷനോടൊപ്പം തലയുയർത്തി നിന്ന അവരെല്ലാം. ഇവരിൽ നിന്നൊക്കെ വ്യത്യസ്തമായ സ്വതന്ത്ര ചിന്തയുടെ വക്താക്കളായിരുന്നു മാധവിക്കുട്ടി കഥാപാത്രങ്ങൾ. അവർ കാമനകളുള്ളവർ. അവനവനെ തള്ളിക്കളയാത്തവർ. കൂടുതൽ തിളക്കമാർന്ന, കാല്പനികമായ വൈകാരിക സ്വാതന്ത്ര്യ മായിരുന്നു അവർക്കാവശ്യം. ഇസഡോറഡങ്കൻ നേടിയെടുത്ത ചൈതന്യവത്തായ സ്വാതന്ത്ര്യം. അവരുടെ പ്രണയത്തിൽ ലൈംഗികതയുമുണ്ട്. പക്ഷേ അവരുടെ ലൈംഗികതക്കു ശരീരത്തിന്റെ ആഘോഷപരതയ്ക്ക പ്പുറം സ്നേഹത്തിന്റെ നിറമാണ്. സമർപ്പണത്തിന്റെ നനവാണ്. പ്രണയമെന്നാൽ മാധവിക്കുട്ടിക്ക് സമർപ്പണമാണ്. രാധാകൃഷ്ണപ്രണയം പോലെ. അതിനപ്പുറ ത്തൊന്നുമില്ല. സർഗ്ഗപരയായ സ്ത്രീക്ക് പിന്നെ കവിതയുടെ പോലും ആവശ്യമില്ല. പ്രണയിയുടെ കാൽക്കീഴിൽ ഒരു നായയെപ്പോലെ ഒതുങ്ങിക്കിടക്കും അപ്പോളവൾ. പാരമ്പര്യ പുരുഷാധിപത്യ വ്യവസ്ഥയ്ക്ക് അനുഗുണമല്ലേ മാധവിക്കുട്ടിയുടെ ഈ പ്രണയസങ്കല്പം എന്ന് സംശയമുണരാവുന്നതാണ്. പക്ഷേ സൂക്ഷ്മമായി മനസ്സിലാക്കുമ്പോൾ അതങ്ങനെയല്ല എന്നു കണ്ടെത്താനാകും. കാരണം, മാധവിക്കുട്ടിയുടെ സങ്കല്പത്തിലെ പ്രണയവും സമർപ്പണവും ഏകപക്ഷീയമല്ല. സ്ത്രീ എത്ര സ്വയം സമർപ്പിക്കുന്നുവോ അത്രയും തന്നെ പ്രണയിക്കുന്ന പുരുഷനും സമർപ്പിക്കേണ്ടതുണ്ട്. അപ്പോഴാണ് അത് പ്രണയമാകുന്നതും. പ്രണയത്തിൽ സമത്വമാണുള്ളത്. ബഹുഭൂരിപക്ഷം പുരുഷന്മാരും ഈ സത്യം തിരിച്ചറിയുന്നവരല്ല എന്നതാണ് ദുരന്തം. അതു സ്ത്രീയുടെ മാത്രം നഷ്ടമല്ലതാനും. മാധവിക്കുട്ടിയുടെ പ്രണയത്തിന് പല ഭാവങ്ങളാണ്. ചിലപ്പോളതിന് സൗഹൃദത്തിന്റെ നിറമായിരിക്കും.

ചിലപ്പോൾ കറകളഞ്ഞ വാത്സല്യത്തിന്റെ. ചിലപ്പോൾ വേദനിക്കുന്നവരോടുള്ള അനുതാപത്തിന്റെ. ചിലപ്പോഴോ അവന വനോടു തന്നെയുള്ള അഭിമാനം കലർന്ന സ്നേഹത്തിന്റെ. ബച്ചു, ബാല്യകാല സുഹൃത്ത്'' എന്ന അധികം പരാമർശിക്കപ്പെടാത്ത കഥയിൽ,



വിവാഹിതയായ മാധവിയ്ക്കടുത്തേക്ക് ഭ്രാന്തനെപ്പോലെ ഓടിയെത്തുകയാണ് ബാല്യകാല സഖാവ് ബച്ചു. നീ ഇപ്പോൾ എന്റെ കൂടെ വരണം എന്ന ആവശ്യവുമായി. അവളുടെ സാമീപ്യവും, വാക്കുകളും, അവളോടൊത്തുള്ള കുറച്ചുമണിക്കൂർ നീണ്ടു നിൽക്കുന്ന ഒരു വെറും കാർ യാത്രയും അവനു കൊടുക്കുന്ന സമാശ്വാസം ഏറെ വലുതാണ്. ഓ മാധവീ, നീയൊരു പെണ്ണല്ലെ. നിനക്കു മാത്രമേ എന്നെ മനസ്സിലാവൂ" എന്നു ബച്ചു പറയുമ്പോൾ ഒരു സാമ്പ്രദായിക വിവാഹിതയിൽ നിന്ന് പ്രതീക്ഷിക്കാവുന്നതിനപ്പുറം ആ പെൺസുഹൃത്തിന് അയാൾക്കായി പകർന്നു നൽകാനായിട്ടുണ്ട് എന്നു നാമറിയുന്നു. സ്ത്രീ പുരുഷബന്ധങ്ങളുടെ അത്തരം മാനങ്ങൾ, അത്തരം ഊഷ്മള ബന്ധങ്ങളുടെ സാധ്യതകൾ ഒക്കെ നഷ്ടപ്പെടുത്തുന്ന അലിവില്ലായ്മകളിലാണല്ലോ നമ്മുടെ സദാചാര സങ്കല്പങ്ങളുടെ തൂണുകൾ ആഴ്ന്നു നിൽക്കുന്നത്!
“എന്റെ സ്നേഹിത അരുണ " എന്ന കഥയിൽ സ്വന്തം ഭർത്താവിനെപ്പറ്റിയുള്ള പരാതികളേ അരുണയ്ക്ക് ദീർഘകാലമായി കാണാതിരുന്ന കൂട്ടുകാരിയോടു പറയാനുള്ളു. തന്നെ അവഗണിച്ച് അയാൾ മറ്റു സ്ത്രീകളെ തേടി പോകുന്നതിനെപ്പറ്റി, ചോദ്യം ചെയ്താൽ അവളെ മാനസിക രോഗിയായി മുദ്ര കുത്തുന്നതിനെപ്പറ്റി. എങ്കിൽപ്പിന്നെ നിനക്കവനെ ഉപേക്ഷിച്ചു കൂടേ എന്ന കൂട്ടുകാരിയുടെ ചോദ്യത്തിന് നിഷേധാർത്ഥത്തിൽ അവൾ നൽകുന്ന മറുപടിയും ഒരു സാധാരണ വിവാഹിതയുടെ മറുപടിയിൽ നിന്ന് ഏറെ വ്യത്യസ്തമാണ്. അരുണ പറയുന്നു, ഞാൻ രാത്രിയിൽ ചിലപ്പോഴൊക്കെ വിളക്കു തെളിയിച്ചു നോക്കുമ്പോൾ അദ്ദേഹം ചെരിഞ്ഞു കിടന്നുറങ്ങുന്നതു കാണാം. കൈകാലുകൾ ചുരുട്ടിവെച്ച്.. ഒരു ചെറിയ ആൺകുട്ടിയുടെ മട്ട്. എത്ര സുന്ദരനാണ് എന്റെ ഭർത്താവ് അപ്പോൾ! ഇല്ല, അദ്ദേഹത്തെ ഉപേക്ഷിക്കാനെനിക്കാവില്ല...? ഇവിടെ പ്രണയത്തിന് വാത്സല്യത്തിന്റെ നിറം.
നികൃഷ്ടരും അകറ്റി നിർത്തപ്പെടേണ്ടവരെന്നു കരുതുന്നവരുമായവരിലേയ്ക്ക് നീളുന്നു എപ്പോഴും കമലയുടെ സ്നേഹം. ഭൃത്യർ, വീട്ടിൽ വരുന്ന തകരപ്പാട്ട വില്പനക്കാരൻ, ഗോസായി, ഡോബി, പിന്നെ വേശ്യാ ഗൃഹം നടത്തിപ്പുകാർ, ലൈംഗികത്തൊഴിലാളികൾ അങ്ങനെയങ്ങനെ. യുദ്ധത്തിൽ മുഖം തകർന്നു വികൃതനായ പട്ടാളക്കാരനോട് സ്നേഹവും സൗഹൃദവും കരുണയും കാണിച്ച് അവനെ വീട്ടിൽ വിളിച്ച് സൽക്കരിക്കുന്ന കമലയെന്ന പെൺകുട്ടി പിന്നെയവന്റെ പ്രേമപൂർവ്വമായ സമീപനങ്ങളിൽ ഭയന്നു പിന്മാറുന്നുമുണ്ട്. പുരുഷൻ ഒരിക്കലും കമലയുടെ ഭാവനയിൽ ശ്രതുവല്ല. പുരുഷനിലെ മാതൃഭാവം വരെ കണ്ടെത്തുന്നവളാണ് അവരെന്നതിന് ''രുഗ്മിണിക്കൊരു പാവക്കുട്ടി'യിലെ, ഇന്നെന്റെ മനസ്സിൽ എന്തോ മരിച്ചു എന്നു സമ്മതിക്കുന്ന വേശ്യാഗൃഹം സന്ദർശകനായ പോലീസുകാരൻ സാക്ഷി.
കമലയുടെ പ്രണയത്തിന്, സ്നേഹത്തിന് ഇങ്ങനെ നൂറു മുഖങ്ങളാണ്. അവരാഗ്രഹിച്ചതു പോലെ അതു തിരിച്ചു കൊടുക്കാൻ ആർക്കുമായില്ല എന്നു മാത്രം. അതുകൊണ്ടു തന്നെ മരണം വരെ പ്രണയാന്വേഷകയായി അവർ തുടർന്നു. അവനവനിൽ, സ്ത്രീയിൽ മാത്രം ഒതുങ്ങുന്നവയായിരുന്നുവോ കമലയുടെ എഴുത്തുകളെല്ലാം. സാമൂഹ്യവിഷയങ്ങൾ അവർ അവഗണിച്ചുവെന്നാണോ? വ്യക്തിപരമായതെല്ലാം സാമൂഹ്യപരവും രാഷ്ട്രീയപരവും തന്നെയെന്ന സത്യത്തിനുപരി വളരെ സ്വാഭാവികമായി, മുഴച്ചു നിൽക്കാത്തവിധം ദളിതത്വത്തെയും, വർഗ്ഗീയതയെയും, മതമൗലികവാദങ്ങളെയും, കപടദേശീയതയെ പ്പോലും കഥകളിലൂടെ വിമർശനവിധേയമാക്കിയവരാണവർ. വിശുദ്ധ ഗ്രന്ഥവും പശുവും ഒക്കെ ഏറെ മുമ്പേ എഴുതിയ ആളാണല്ലോ കമല. വണ്ടിക്കാളകൾ എന്ന നോവലിൽ ഒരിടത്ത്, കറുത്ത ഭാര്യയെപ്പോകട്ടെ, കറുത്ത ഒരു പ്രധാനമന്ത്രിയെ സഹിക്കാനാകുമോ നമുക്ക്? എന്ന ചോദ്യം സാമാന്യ ഇന്ത്യൻ മനസ്സിലെ ജാതീയതയ്ക്കും, കറുപ്പിനോടുള്ള അവജ്ഞയ്ക്കും എതിരെ ചാട്ടുളിപോലെ ഉയരുന്നുണ്ട്.
തലമുറകൾക്കു മുമ്പേ മതം മാറിയിട്ടും കെവിൻ എന്ന ചെറുപ്പക്കാരന്റെയും കുടുംബത്തിന്റെയും മേൽ ഉണ്ടായിരുന്ന ദളിതത്വത്തിന്റെ ''കറ'' മാഞ്ഞു പോയിരുന്നില്ല എന്നു നാം കണ്ടു. ഹിന്ദുവിന്റെ മാത്രമല്ല, ''സവർണ്ണ ക്രിസ്ത്യാനിയുടെ ''സവർണ്ണ മുസ്ലിമിന്റെയും ഉള്ളിൽ ഇന്നും ജാതീയത ഉറങ്ങിക്കിടക്കുകയാണ്. ഇടയ്ക്കിടെ പത്തി വിടർത്തുന്ന ജാതിവെറി. പ്രണയത്തെ തോൽപിച്ച ജാതിവെറി.
ജാതിയെ തകർക്കാനുള്ള ഏക മാർഗ്ഗം പ്രണയമാണ്. പ്രണയികളെ തകർത്തു കൊണ്ടാണ് ജാതിയും നിലനിൽക്കാൻ ശ്രമിക്കുക. എന്ന സത്യവാചകത്തെ പ്രണയത്തിന്റെ രാജകുമാരിയുടെ ഓർമ്മ ദിനത്തിൽ അവരുടെ സ്മരണകളുമായി ചേർത്തു വെയ്ക്കാം നമുക്ക്.

**ഖദീജാ മുംതാസ്**





**Dr. Mayadevi Kurup**
*Senior Consultant*
*Aster Medcity, Kochi*

# മറഞ്ഞ സന്ധ്യകൾ പുനർജ്ജനിക്കുമോ?

ഏപ്രിൽ ഇരുപത്തിരണ്ട് - ഇന്ന് ലോകഭൗമദിനം! 'ഭൂമിയ്ക്കൊരു ചരമഗീതം' എഴുതിയ കവിയെ ചിലരൊക്കെ അനുസ്മരിച്ചത് കണ്ടു. കോവിഡ് എന്ന മഹാമാരിയുടെ കടന്നാക്രമണത്തിലൂടെ ലോകമെമ്പാടും സ്തംഭിച്ചുനിൽക്കുന്ന ഈ അവസരത്തിൽ അച്ഛൻ ജീവിച്ചിരിപ്പുണ്ടായിതന്നെങ്കിൽ എത്രയധികം വേദനിയ്ക്കുമായിരുന്നു എന്നോർത്ത് പോയി. ഭൂമിയെ / പ്രകൃതിയെ പലപ്പോഴായി വേദനിപ്പിച്ചതിന് നമുക്ക് കിട്ടുന്ന ശിക്ഷയാവുമോ ഈ മഹാമാരിയിലൂടെ നാമിന്നനുഭവിച്ചുകൊണ്ടിരിക്കുന്നത്? അച്ഛനെക്കുറിച്ച് ഒരോർമ്മക്കുറിപ്പ് എഴുതാനാണ് ഞാനിന്ന് ശ്രമിക്കുന്നത്. എന്റെ മനസ്സുനിറയെ അച്ഛനെ കുറച്ചുള്ള ഓർമ്മകളാണ്. അവയിൽ നിന്നും ചിലത് ഞാൻ നിങ്ങളുമായി പങ്കുവെക്കാം.

കുട്ടിക്കാലത്തെ എന്റെ ഓർമ്മകൾ ഒരു കൂട്ടുകുടുംബത്തിന്റെ അന്തരീക്ഷത്തിലാണ്. ഇന്ദീവരത്തിലെ കാരണവരായ അച്ഛനുചുറ്റും അമ്മയ്ക്കും ഏട്ടനും, എനിയ്ക്കുമൊപ്പം അച്ഛന്റെ അനന്തിരവരും അമ്മയുടെ സഹോദരങ്ങളും എല്ലായ്പ്പോഴും ഉണ്ടായിരുന്നു. എല്ലാവരും ചേർന്നുള്ള ആ കുടുംബാന്തരീക്ഷം എനിക്കേറെ പ്രിയപ്പെട്ടതായിരുന്നു. സാമ്പത്തികപരാധീനതകൾക്കിടയിലും അച്ഛൻ ഞങ്ങളെ സ്വാർത്ഥതയില്ലാതെ പരസ്പരം സ്നേഹിയ്ക്കാനും പങ്കുവെക്കാനും പഠിപ്പിച്ചു. അന്നിറങ്ങുന്ന എല്ലാ നല്ല സിനിമകളും അച്ഛനോടൊപ്പം കാണാൻ പോയിരുന്നു. ഏകദേശം ഏഴെട്ടുപേരുള്ള ഒരു സംഘമായിരിക്കും

ഞങ്ങളുടേത്. തിരികെ എത്തിയാൽ കണ്ട സിനിമയെക്കുറിച്ചുള്ള അവലോകനമായിരിക്കും പിന്നീട്. അച്ഛന്റെ വീക്ഷണങ്ങൾ വിലയിരുത്തലുകൾ എല്ലാം, നല്ലതും ചീത്തയും തിരിച്ചറിയാനുള്ള കഴിവ് ഞങ്ങളിൽ വളർത്തുകയായിരുന്നു.

സാഹിത്യകാരന്മാരും കലാകാരന്മാരും കുടുംബകാര്യങ്ങളിൽ ശ്രദ്ധകാണിക്കാത്തവരാണെന്ന പൊതുവായ അഭിപ്രായത്തിന് തീർത്തും വിപരീതമായിരുന്നു അച്ഛന്റെ ജീവിതം. വീട്ടിലെ എല്ലാ കാര്യങ്ങളിലും അച്ഛന്റെ സകലപിന്തുണയും അമ്മയ്ക്കുണ്ടായിരുന്നു. ഞങ്ങളുടെ പഠനകാര്യത്തിലും, കോളേജ് അഡ്മിഷൻ കാര്യത്തിലുമെല്ലാം അച്ഛന്റെ മേൽനോട്ടമുണ്ടായിരുന്നു. എന്റെ നോട്ടുപുസ്തകങ്ങളിൽ അച്ഛന്റെ മനോഹരമായ കൈപ്പടയിൽ പേരെഴുതിവാങ്ങുന്നതും, അതുകാണിച്ച് കൂട്ടുകാരെ അസൂയപ്പെടുത്തുന്നതും കുട്ടിക്കാലത്തെ കുഞ്ഞുസന്തോഷങ്ങളായിരുന്നു. പഠിത്തത്തിന്റെ കാര്യത്തിൽ അനാവശ്യമായ യാതൊരിടപെടലും അച്ഛനിൽ നിന്നും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല ഇഷ്ടമുള്ള വഴി തിരഞ്ഞെടുക്കാനുള്ള എല്ലാ സ്വാതന്ത്ര്യവും ഞങ്ങൾക്ക് നൽകിയിട്ടുമുണ്ടായിരുന്നു.

ഞങ്ങളുടെ കലാവാസനകളെ ഏറ്റവുമധികം പ്രോത്സാഹിപ്പിച്ചിരുന്നത് അച്ഛനായിരുന്നു. (അമ്മയ്ക്കുള്ള പങ്കും അച്ഛനു തുല്യം തന്നെ എന്നത് പറയാതെ വയ്യ) കുട്ടിക്കാലത്തെ അച്ഛന്റെ നടക്കാതെ പോയ സ്വപ്നമായിരുന്നു സംഗീതപഠനം. അതിനാൽ ഏട്ടനേയും എന്നെയും വളരെ ചെറുപ്പത്തിലേ തന്നെ സംഗീതം പഠിപ്പിച്ചു. മൂന്നുവയസ്സുള്ളപ്പോഴെ റേഡിയോ സംഗീതത്തിനനുസരിച്ച് താളം ചവിട്ടിയ എന്നിലെ നൃത്തവാസന തിരിച്ചറിഞ്ഞതും നാലുവയസ്സുമുതൽ നൃത്തം പഠിയ്ക്കാനൊരു ഗുരുവിനെ കണ്ടെത്തിയതും അച്ഛൻ തന്നെയായിരുന്നു. പിൽക്കാലത്ത് പഠനത്തിനോടൊപ്പം നൃത്തം കൂടെ കൊണ്ടുപോകാൻ സാധിച്ചതും അച്ഛന്റെ പരിപൂർണ്ണ സമ്മതമുണ്ടായിരുന്നതിനാലാണ്. കലയെ ഉപാസിയ്ക്കുന്നത് മഹത്തരമായ കാര്യമാണെന്നതും മത്സരത്തിനുള്ളതല്ല എന്നതും അച്ഛൻ പറഞ്ഞു തരുമായിരുന്നു. ഇതേ വാത്സല്യവും പിന്തുണയുമായിരുന്നു മുത്തശ്ശനിൽ നിന്നും അടുത്ത തലമുറയ്ക്ക് ലഭിച്ചതും.

കവിതയായാലും സിനിമാനാടകഗാനങ്ങളായാലും അച്ഛൻ വീട്ടിലിരുന്നു തന്നെയാണ് കൂടുതലും എഴുതിയിട്ടുള്ളത്. മുതിർന്നവരും കുട്ടികളും എഴുത്തുമുറിയ്ക്ക് പുറത്ത് എത്ര ശബ്ദമുണ്ടാക്കിയാലും അച്ഛന്റെ എഴുത്തിന് അതൊരു തടസമായിട്ടെയില്ല ഇന്ദീവരത്തിലെ എഴുത്തുമുറിപോലെ തന്നെ അച്ഛന്റെ പ്രിയപ്പെട്ടതായിരുന്നു അമ്മയുടെ തറവാട്ടിലെ പൂമുഖവും. നിളാതീരത്തുള്ള കൊണ്ടയൂർ എന്ന കൊച്ചു ഗ്രാമത്തിലെ അന്തരീക്ഷം അച്ചന്റെ എത്രെയെത്ര കവിതകൾക്കും ഗാനങ്ങൾക്കുമാണ് പ്രചോദനമായിട്ടുള്ളത്!

സുഹൃത്തുക്കളെന്നും അച്ഛന്റെ ബലഹീനതയായിരുന്നു. ദേവരാജമ്മാവൻ, വേലപ്പമ്മാവൻ, വയലാർ അങ്കിൾ, പി.വി.സി. മാമൻ (ഉറൂബ്), എം.ബി.എസ്. അങ്കിൾ, (എം.ബി.ശ്രീനിവാസൻ), ചെമ്മനം ചാക്കോ അങ്കിൾ - ഇങ്ങനെയൊരു നീണ്ട പട്ടികതന്നെയുണ്ട്. ഇവരുടെയെല്ലാം സാന്നിദ്ധ്യം ഞങ്ങൾക്കും പ്രിയപ്പെട്ടതായിരിക്കും. അതേപോലെ തന്നെ അച്ഛന് സ്നേഹവും വാത്സല്യമുള്ള അനവധി ശിഷ്യൻമാരുണ്ടായിരുന്നു. ബഷീറമ്മാവൻ (എം.എം.ബഷീർ), സുന്ദരം സാർ, എൻ.ആർ.എസ്. ബാബുഅങ്കിൾ, ഓണക്കൂർ അങ്കിൾ, ശ്രീദേവി ടീച്ചർ, മധുസൂദനൻ സാർ, ഡോ.എം.വി.പിള്ള സാർ, എം. എ.ബേബി സാർ, പ്രഭാവർമ്മച്ചേട്ടൻ, പത്മരാജൻ അങ്കിൾ, ബാലചന്ദ്രമേനോൻ ചേട്ടൻ, വേണുനാഗവള്ളിച്ചേട്ടൻ- ഇവരൊക്കെ അവരിൽ പ്രമുഖർ. (ഈ പട്ടികയിൽ പെടാത്ത ഒട്ടനവധി പേർ വേറെയുണ്ട്.) പൊതുവെ ഗൗരവക്കാരനായ അച്ഛന്റെ തികച്ചും വ്യത്യസ്തമായ മുഖമാണ് ഇവരോടൊപ്പുള്ളപ്പോൾ കാണുക. അച്ഛന്റെ ഏറ്റവുമടുത്ത സുഹൃത്തായ മോഹനമ്മാവനും, ശിഷ്യനായ ബഷീറമ്മാവനും വീട്ടിൽ വന്നാൽപ്പിന്നെ പൊട്ടിച്ചിരിയുടെ മാലപ്പടക്കം തന്നെയാവും ഞങ്ങളുടെ പൂമുഖത്തുനിന്ന് മുഴങ്ങുക. അവരുടെ തമാശകളിൽ പങ്കുചേരാൻ ഞങ്ങളെയും അനുവദിക്കുമായിരുന്നു എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. സുഹൃത്തുക്കളെപ്പോലെതന്നെ അവരുടെ കുടുംബങ്ങളും അച്ഛന് പ്രിയപ്പെട്ടവരായിരുന്നു. ഞങ്ങളെപ്പോലെ തന്നെ അച്ഛനവരുടെ മക്കളേയും പേരക്കിടാങ്ങളെയും സ്നേഹിച്ചിരുന്നു. തന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളുടെ വിയോഗത്തിൽ പൊട്ടിക്കരയുന്ന അച്ഛന്റെ മുഖം ഞങ്ങൾ മാത്രമേ കണ്ടിട്ടുള്ളൂ.

കെ.പി.എ.സി., കാളിദാസ കലാകേന്ദ്രം എന്നീ നാടകസമിതികളുമായുള്ള അടുപ്പത്തിലൂടെ നാടകമെന്താണെന്ന് അച്ഛൻ ഞങ്ങൾക്ക് കാണിച്ചുതന്നു. തോപ്പിൽ ഭാസി അങ്കിൾ, ഒ. മാധവൻ അങ്കിൾ എന്നീ ഉറ്റ മിത്രങ്ങളുടെ നാടകങ്ങളിലൂടെ അച്ഛൻ ഞങ്ങളെ നാടകാസ്വാദകരാക്കി. അന്ന് ഈ നാടകസമിതികളുടെ ഓരോ പുതിയ നാടകങ്ങളുടെയും ആദ്യത്തെ കളി തിരുവനന്തപുരത്തെ കാർത്തിക തിരുനാൾ തിയേറ്ററിൽ വച്ചായിരിക്കും. അച്ചനോടൊപ്പം ഞാനും ഏട്ടനും (ഞങ്ങൾ സ്കൂളിൽ പഠിക്കുന്ന കാലം) നാടകം തുടങ്ങുന്നതിന് മണിക്കൂറുകൾക്ക് മുൻപേ തന്നെ അണിയറയിലെത്തിയിട്ടുണ്ടാവും ഞാൻ സ്ത്രീകൾ ഒരുങ്ങുന്ന മുറിയിലും ഏട്ടൻ ഗാനവിഭാഗം കൈകാര്യം ചെയ്യുന്നവരോടൊപ്പവും. നൃത്തം, അഭിനയം എന്നിവയോട് താൽപ്പര്യമുണ്ടായിരുന്ന എനിയ്ക്ക് അഭിനേതാക്കൾ സ്വയം

ചമഞ്ഞൊരുങ്ങുന്നത് കാണാൻ എന്തിഷ്ടമായിരുന്നു! അച്ഛൻ കാണിച്ചുതന്ന ആ ലോകം എനിയ്ക്കെന്നും അദ്ഭുതത്തിന്റേയും സന്തോഷത്തിന്റെയുമായിരുന്നു.

അച്ഛനോടൊപ്പം സിനിമകളുടെ ചിത്രീകരണം കാണാൻ പോകുന്നതായിരുന്നു മറ്റൊരു രസകരമായ അനുഭവം. മെരിലാന്റ് സ്റ്റുഡിയോയിൽ ശ്രീ.സുബ്രഹ്മണ്യ മുതലാളിയുടെ പല സിനിമകളുടെ ചിത്രീകരണം കാണാനും എന്നെയും ഏട്ടനേയും കൊണ്ടുപോയിട്ടുണ്ട്. ഉദ്യോഗസ്ഥ, കുമാരസംഭവം, ശ്രീ ഗുരുവായൂരപ്പൻ, ആന വളർത്തിയ വാനമ്പാടി എന്നിവ. ജേസി അങ്കിൾ സംവിധാനം ചെയ്ത 'അഗ്നിപുഷ്പം', കെ.ജി.ജോർജ്ജ് അങ്കിളിന്റെ 'യവനിക' ഇവയുടെയൊക്കെ ചില ഗാനചിത്രീകരണ രംഗങ്ങളും അച്ഛനോടൊപ്പം പോയിക്കണ്ടത് ഇന്നുമോർക്കുന്നു. അഭ്രപാളികളിൽ കാണുന്നതിൽ നിന്നും എത്ര വ്യത്യസ്തമാണ് യഥാർത്ഥ ചിത്രീകരണമെന്ന് മനസ്സിലാക്കിത്തന്നതും അച്ഛൻ തന്നെയാണ്.

ഏതൊരു കുട്ടിയേയും പോലെ എനിയ്ക്കും സിനിമയിലൊന്ന് മുഖം കാണിയ്ക്കണമെന്ന് ഒരാഗ്രഹമുണ്ടായിരുന്നു. ഞാൻ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ (എന്റെ മോഹം അമ്മ പറഞ്ഞിട്ടാകും)തോപ്പിൽ ഭാസി അങ്കളിന്റെ 'യുദ്ധകാണ്ഡം' എന്ന സിനിമയിൽ ഞങ്ങൾ ആറു കൂട്ടുകാർക്ക് ഒരു നൃത്തം ചെയ്യാനുള്ള അവസരം അച്ചനുണ്ടാക്കിത്തന്നു. കൊല്ലത്തെ ഹോട്ടൽ കാർത്തികയിൽ വച്ചിട്ടായിരുന്നു ചിത്രീകരണം. കലാമണ്ഡലം ക്ഷേമാവതി ടീച്ചറിന്റെ നിർദ്ദേശമനുസരിച്ച് 'പൊന്നുംകുടത്തിനൊരു പൊട്ടുവേണ്ടെന്നാലും' എന്ന അച്ഛന്റെ തന്നെ ഗാനത്തിന് നൃത്തം ചെയ്തു. അതിന്റെ ചിത്രീകരണം കഴിഞ്ഞപ്പോൾ ഭാസി അങ്കിൾ എന്നെ ചേർത്തു നിർത്തി പറഞ്ഞു. 'മോളെ, ഇതു നിന്റെ ആദ്യത്തേതും അവസാനത്തേതുമാകട്ടെ" എന്ന്. ഈ വാചകം അച്ഛൻ പറഞ്ഞു പറയിപ്പിച്ചതാണോ എന്ന് പിന്നീട് ഞാൻ ചോദിച്ചിട്ടുള്ളപ്പോഴൊക്കെ സ്വതസ്സിദ്ധമായ ഒരു കള്ളച്ചിരി മാത്രമായിരുന്നു അച്ഛന്റെ മറുപടി.

യാത്രകളേറെ ഇഷ്ടപ്പെട്ടിരുന്ന അച്ഛൻ ഇന്ത്യയ്ക്കകത്തും പറത്തുമായി ഒട്ടനവധി രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഓരോ യാത്ര കഴിഞ്ഞ് വരുമ്പോഴും വിമാനത്തിനകത്ത് കൊടുക്കുന്ന മിഠായികൾ അച്ഛൻ ഞങ്ങൾക്ക് തരാനായി കരുതി വച്ചിട്ടുണ്ടാവും. എവിടെപ്പോയി തിരിച്ചെത്തിയാലും ആ സ്ഥലം നേരിട്ടു കണ്ടതുപോലെയുള്ള ഒരനുഭവമായിരിക്കും അച്ഛന്റെ യാത്രാവിവരണത്തിലൂടെ ഞങ്ങൾക്ക് ലഭിച്ചിരുന്നത്. അതുപോലെതന്നെയാണ് പല പൊതുവേദികളിലും പങ്കെടുത്തതിനുശേഷം വീട്ടിൽ വന്നിട്ടുള്ള വിവരണം. ആ വേദികളിൽ പ്രസംഗിച്ചവരേയും മറ്റും ഒരു മിമിക്രി കലാകാരനെപ്പോലെ അച്ഛൻ അനുകരിച്ചുകാണിക്കുകയായിരുന്നു. ഇവയെല്ലാം ഞങ്ങളുടെ കുടുംബസദസ്സിനുള്ളിൽ മാത്രമൊതുങ്ങിയിരുന്ന നല്ല മുഹൂർത്തങ്ങൾ.

എന്റെ ജീവിതത്തിലെ നിർണ്ണായകഘട്ടങ്ങളിലെല്ലാം അച്ഛന്റെ പൂർണ്ണ പിന്തുണയുണ്ടായിട്ടുണ്ട്. ഞാനിഷ്ടപ്പെട്ടു ജീവിതപങ്കാളിയെ തിരഞ്ഞെടുത്തതിലും ആ സ്നേഹം ഞാനനുഭവിച്ചറിഞ്ഞതാണ്. മരുമക്കളെ സ്വന്തം മക്കളായിത്തന്നെ കാണണമെന്ന് പഠിപ്പിച്ചു തന്നതും അച്ഛൻ തന്നെയാണ്. ഏട്ടന്റേയും എന്റെയും വിവാഹത്തിനു ശേഷം ഇന്ദീവരത്തിൽ നാലു മക്കളായി. യാതൊരു വിധത്തിലുള്ള വേർതിരിവും പിന്നീടങ്ങോട്ടുള്ള ജീവിതത്തിൽ ഞങ്ങൾക്കനുഭവപ്പെട്ടില്ല. ഞങ്ങളെല്ലാവരുമൊന്നിച്ച് യാത്രകൾ പോകാനും സ്ഥലങ്ങൾ സന്ദർശിക്കാനുമൊക്കെ അച്ഛന് വലിയ ഇഷ്ടമായിരുന്നു. യാത്രകൾ മാത്രമല്ല വേറിട്ട ഭക്ഷണം ആസ്വദിയ്ക്കാനും അച്ഛനേറെ ഇഷ്ടമായിരുന്നു. പ്രമേഹം എന്ന രോഗം അച്ഛന്റെ ആഗ്രഹങ്ങൾക്ക് വിലക്കുകൽപ്പിച്ചിരുന്നതിനാൽ പലപ്പോഴും ഇഷ്ടവിഭവങ്ങൾ അച്ഛനിൽ നിന്നും മറച്ചു വയ്ക്കേണ്ടിവന്നിട്ടുണ്ട്. ഡോക്ടറായ ഞാൻ അച്ഛന്റെ ആയുസ്സുനീട്ടിക്കിട്ടാൻ ആഹാരകാര്യത്തിൽ കർശനമായ നിയന്ത്രണങ്ങൾ കൽപ്പിച്ചിരുന്നത് ഇന്നെന്റെ മാത്രം സ്വകാര്യദു:ഖം.

മനോഹരമായ പേനകൾ, നോട്ടുബുക്കുകൾ, ഡയറികൾ – ഇവയെല്ലാം അച്ഛനേറെ പ്രിയപ്പെട്ട വസ്തുക്കളായിരുന്നു. ഞങ്ങൾ കുട്ടികളായിരുന്നപ്പോൾ അച്ഛന്റെ എഴുത്തുമുറിയിലെ യാതൊന്നും അനുവാദമില്ലാതെ എടുക്കാനാവുമായിരുന്നില്ല. ഞാൻ സ്കൂളിൽ കൊല്ലപരീക്ഷയ്ക്ക് പോകുമ്പോൾ അച്ഛന്റെ പ്രിയപ്പെട്ട പാർക്കർപേന (എന്റെ ഭാഗ്യമുദ്രയായിട്ടാണ് ഞാനതിനെ കണ്ടിരുന്നത്) കളയാതെ ഭദ്രമായി തിരിച്ചുകൊണ്ടുവരണമെന്ന ഉറപ്പിന്മേലായിരുന്നു തന്നിരുന്നത്. എന്നാൽ വർഷങ്ങൾക്കുശേഷം സ്വന്തം പേരകുട്ടികൾ യാതൊരു സങ്കോചവും കൂടാതെ മുത്തശ്ശന്റെ പേനകളും മറ്റുമെടുത്ത് കളിയ്ക്കുമ്പോൾ, ആ കുസൃതികൾ ആസ്വദിച്ച് ഇരുന്നിരുന്ന അച്ഛനെ കാണുമ്പോൾ, ഒരച്ഛനിൽ നിന്നും മുത്തശ്ശനിലേക്കുള്ള പരിണാമം എത്ര ഹൃദ്യമാണെന്ന് ഞാൻ മനസ്സിലാക്കി. അവരോടൊപ്പം ലൂഡോ കളിക്കുകയും, ഇടയ്ക്ക് കള്ളക്കളി കളിച്ച് ചിരിക്കുകയും ചെയ്തിരുന്നത് മറ്റൊരു ഓർമ്മച്ചിത്രം. കുട്ടികൾ വായിച്ച പുസ്തകങ്ങൾ, കണ്ട സിനിമകൾ, കൂട്ടുകാരോടൊത്ത് പുറത്തുപോയി കഴിച്ച വിശിഷ്ടവിഭവങ്ങൾ ഇവയെല്ലാം എത്ര കൗതുകത്തോടെയാണ് അച്ഛൻ ചോദിച്ചറിഞ്ഞിരുന്നത്!

എണ്ണമറ്റ കവിതകളും പുസ്തകങ്ങളും രചിച്ച വ്യക്തിയായിരുന്നിട്ടു കൂടി അവസാനം വരെയും തന്റെ ഓരോ കവിതയും ആദ്യമായി അച്ചടിച്ചു വരുന്ന ആഴ്ചപ്പതിപ്പോ, മാസികയോ കയ്യിൽ കിട്ടുന്നതുവരെ അച്ഛൻ അക്ഷമനാകുമായിരുന്നു. തപാലിൽ കവിത ഉൾപ്പെട്ട മാസിക വീട്ടിലെത്തുന്നതുവരെ കാത്തു

നിൽക്കാതെ ശാഠ്യക്കാരനായ ഒരു കുട്ടിയെപ്പോലെ ആ മാസിക ഇറങ്ങുന്ന ദിവസം അതിരാവിലെ തന്നെ അത് പോയി വാങ്ങിവരാൻ നിർബന്ധിക്കും. വീട്ടിന് വെളിയിലേക്ക് പോകുന്ന എല്ലാവരോടും ഒരുപോലെ അച്ഛനത് ഓർമ്മപ്പെടുത്തുകയും ചെയ്യും.



ഇംഗ്ലണ്ടിലും സ്കോട്ട്ലണ്ടിലും ഞങ്ങൾ ജോലി ചെയ്തിരുന്ന കാലത്ത് പലപ്രാവശ്യം അച്ഛൻ ഞങ്ങളോടൊപ്പം വന്നു താമസിച്ചിട്ടുണ്ട്. അച്ഛനെ അവിടെയുള്ള പലസ്ഥലങ്ങളിലും കൊണ്ടു പോയി കാണിക്കുന്നതോടൊപ്പം പലതും അച്ഛനിൽ നിന്നും പഠിയ്ക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിരുന്നു. അവിടത്തെ തന്നെ 'ശ്രുതി' എന്ന ഞങ്ങൾ മലയാളി സുഹൃത്തുക്കളുടെ കലാസാഹിത്യ കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ചത് അച്ഛനായിരുന്നു. വർഷങ്ങൾക്കു ശേഷം അതേ 'ശ്രുതി'യുടെ ഏഴാം വാർഷികത്തിൽ ജ്ഞാനപീഠ പുരസ്കാരത്തിനുശേഷം ക്ഷണിച്ചു വരുത്തിയ അച്ഛന്റെ മുന്നിൽ സ്നേഹപൂർവ്വം തങ്ങളുടെ കലാസായാഹ്നം കാഴ്ചവെക്കാൻ, ആദരിയ്ക്കാൻ ഒട്ടേറെ പേരുണ്ടായിരുന്നു. അതിലേറെ പ്രേക്ഷകരും. അവസാനമായി അച്ഛൻ ഇംഗ്ലണ്ടിൽ വന്നത് 2012 ലാണ്. ശാരീരികസ്വാസ്ഥ്യങ്ങൾ വകവയ്ക്കാതെ ഡാർടിംഗ്ടണിലെ ടാഗോർ ഫെസ്റ്റിവലിൽ ഇന്ത്യയിൽ നിന്നുള്ള പ്രതിനിധിയായി അച്ഛനെത്തി. കൽക്കത്തിയിലെ ശാന്തിനികേതനത്തിനു സമാനമായ ഒരന്തരീക്ഷം, നിറയെ വൻവൃക്ഷങ്ങൾ, പൂത്തുലഞ്ഞു നിൽക്കുന്ന ചെടികൾ, മനംതണുപ്പിക്കുന്ന ഇംഗ്ലണ്ടിലെ ഗ്രാമാന്തരീക്ഷം. അതീവ സ്നേഹബഹുമാനങ്ങളോടെ സാഹിത്യത്തെപ്പറ്റിയും കവിതയെപ്പറ്റിയും ചർച്ചചെയ്യുന്ന വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ. തികച്ചും സന്തോഷം നിറഞ്ഞ കുറച്ചു ദിവസങ്ങൾ.

ഓർമ്മകളിനിയും ഏറെയുണ്ട് – ഒരിയ്ക്കലും
മരിയ്ക്കാത്ത ഓർമ്മകൾ.
'നിറങ്ങൾ തൻ നൃത്തം ഒഴിഞ്ഞൊരീ മണ്ണിൽ
മറഞ്ഞ സന്ധ്യങ്ങൾ പുനർജനിയ്ക്കുമോ'
മറഞ്ഞ പക്ഷികൾ ഇനിയുമെത്തുമോ?

***എവിടെയോമറഞ്ഞിരുന്ന് അച്ഛൻതരുന്ന സ്നേഹവും അനുഗ്രഹവും ഞങ്ങളിപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നു.***

***ഡോ. മായാദേവി കുറുപ്പ്***

**ഗുരുപ്രണാമം**
**– CMC**

# ഓർമ്മകൾ

നല്ല ഗുരുക്കന്മാരെ കിട്ടുന്നത് വളരെ വലിയ ഒരു ഭാഗ്യമാണ് എന്നാണ് പഴമക്കാർ പറയുക. അതുവെച്ചു നോക്കിയാൽ ഞാനൊരു പരമ ഭാഗ്യവാനാണ്.

1975 - 80 കാലം കോഴിക്കോട് മെഡിക്കൽ കോളേജിന്റെ മെഡിഡിൻ വിഭാഗത്തിന്റെ ശുക്രദശ അയിരുന്നു. അക്കാലം എൻറെ മക്കളോടൊക്കെ മെഡിസിൻ ഡിപ്പാർട്മെന്റ് എന്ന് പറഞ്ഞാൽ ഉടനെ ചോദിക്കും internal മെഡിസിൻ അല്ലേയെന്നു. അക്കാലത്തു ആകെയൊരു മെഡിസിൻ മാത്രമേ ഉണ്ടായിരുന്നുള്ളു. (internal മെഡിസിൻ ഉണ്ടെങ്കിൽ ഒരു external മെഡിസിൻ ഉണ്ടാകണ്ടേ. ന്യായമായും ഒരു സംശയമാണ് ഫിസിഷ്യന്മാർ തല്ലാനൊന്നും വരണ്ട??).

അക്കാലത്തു വളരെ പ്രഗത്ഭരായ ആറു പേരായിരുന്നു unit ചീഫ്സ്. G K Warrier സർ, C K Ramachandran sir, MG Sahadevan സർ, CBC sir, അംബുജാക്ഷൻ സർ, പിന്നെ NS വേണുഗോപാലൻ സാറും എല്ലാം ഒന്നിനൊന്നു മികച്ച ടീച്ചർമാരും ഫിസിഷ്യന്മാരും.

അന്ന് ഡയറക്ടർ ആയിരുന്ന GK Warrier സാറാണ് ഈ സംഭവത്തിലെ കഥാപാത്രം. ഒരു അത്യപൂർവ ജീനിയസ് ആയിരുന്നു സാർ. മൂക്കത്ത് അരിശവും ചുണ്ടിൽ ചാർമിനാർ സിഗററ്റും. തിങ്കളാഴ്ച അഡ്മിഷൻ day കഴിഞ്ഞു ചൊവ്വാഴ്ച ഒരു ഗ്രാൻഡ് റൗണ്ടസ് ഉണ്ട്.

**DR KAMMAPPA**
Senior Consultant
New Alma Hospital
Mannarkkad



അപ്പോഴേക്കും അഡ്മിറ്റ് ചെയ്ത എല്ലാ patients നും basic investigations കഴിഞ്ഞിരിക്കും. റൗണ്ട്സിൽ അസ്സോസിയേറ്റ് മുതൽ ട്യൂട്ടർ വരെയും PG house surgeons ഫൈനൽ ഇയർ undergarduates ഉം ഉണ്ടാകും. ഞാനന്ന് ഫൈനൽ year ആണ്.

കേസ് present ചെയേണ്ടത് house surgeon ഉം PG യും കൂടി. എല്ലാം കൂടി പത്തിരുപത് പേർ കാണും. DIL ലിസ്റ്റിൽ ഉള്ള ആൾക്കാരുടെ കൂടെയല്ലാതെ bystander കണ്ടാൽ സാറിന് ഹാലിളകും. ഹെഡ് നഴ്സിന്റെ അന്നത്തെ ദിവസം പോക്കാകും.

ഒരു ദിവസം ഗ്രാൻഡ് റൗണ്ടസ് നടക്കുന്നു. ഒരു DIL വയസ്സന്റെ അടുത്ത് ഒരു ചെറുപ്പക്കാരൻ നിൽക്കുന്നു. ആ ബെഡിനടുത്തെത്തിയപ്പോൾ വാര്യർ സർ bystander ചെറുപ്പക്കാരനെ രൂക്ഷമായി നോക്കി ഒരു നിമിഷം നിന്നു. എന്നിട്ടൊരു ചോദ്യം Who is the house surgeon here ? കൊല്ലാൻ കൊണ്ടുപോകുന്ന ആട്ടിൻകുട്ടിയെ പോലെ ഒരാൾ മുന്നോട്ടു നീങ്ങി നിന്നു. സാർ തലകൊണ്ട് bystander പയ്യനെ കാണിച്ചിട്ട് പറഞ്ഞു Do a blood smear on him ഏല്ലാവരും കൺഫ്യൂഷൻ ആയി. ഏതായാലും സാർ പറഞ്ഞതല്ലേ എന്ന് കരുതി റൗണ്ടസ് കഴിഞ്ഞ ഉടനെ അയാളെ സൈഡ് ലാബിൽ കൊണ്ട് പോയി smear നോക്കി. TC 56000 smear നോക്കിയപ്പോൾ മനസിലാകാത്ത സെല്ലുകളും PG യെ വിളിച്ചു വിവരം പറഞ്ഞു. സ്ലൈഡ് നേരെ പാത്തോളജിയിൽ കാണിച്ചപ്പോൾ Acute Monoblastic Leukaemia.

കഥ തീർന്നില്ല ഈ patient അവിടെ തന്നെ അഡ്മിറ്റ് ചെയ്തു. അന്ന് RCC യൊന്നും ആയിട്ടില്ല. പിറ്റത്തെ ആഴ്ച rounds നടക്കുന്നു ഈ patient ന്റെ അടുത്തെത്തിയപ്പോൾ PG ആരോ ധൈര്യം സംഭരിച്ചു സാറിനോട് ചോദിച്ചു. സാറിന് സംശയം തോന്നാൻ കാരണമെന്താണെന്ന് അതിന് മറുപടി "Why He had a leukaemic look ??" വാൽക്കഷ്ണം മറ്റൊരിക്കൽ ഇതുപോലെ ഒരു റൗണ്ടസ് patient Amoebic liver abcess കേസ് present ചെയ്ത് PG liver aspiration ചെയ്തോട്ടെ എന്ന് ചോദിച്ചു. സാർ രോഗിയോട് "തനിക്ക് എത്ര കുട്ടികളുണ്ട് ?" രണ്ടെന്നു മറുപടി. സാർ തിരിഞ്ഞു ഞങ്ങളോട്: "Probably someone else's" എന്നിട്ട് house സർജനോട് പറഞ്ഞു. ഒരു buccal smear ചെയ്യാൻ നോക്കിയപ്പോൾ barr body അതൊരു Kleinfelter ആയിരുന്നു.

അനുബന്ധം:

MRI സ്കാനും സകലമാന ആന്റിജൻ ടെസ്റ്റും ചെയ്തിട്ടും diagnosis ആവാതെ വാ പൊളിച്ചു നിൽക്കുന്ന ഇക്കാലത്ത് ഇതൊക്കെ സത്യമാണോ എന്ന് സംശയം തോന്നാം. എന്നാൽ ഏതെല്ലാം investigations വന്നാലും ക്ലിനിക്കൽ സ്കില്ലിന്റെ പ്രാധാന്യം വാരിയർ സാറിനെ പോലുള്ളവരെ ഓർക്കുമ്പോൾ ഓർമ വരും



# MECHANISM OF LABOUR 2.0 - RELOADED...

എന്തു സുഖം ഇങ്ങനെ ഉറങ്ങാൻ ......
ഭക്ഷണം കഴിക്കുകയും വെള്ളം
കുടിക്കുകയും പോലും വേണ്ട .....
അമ്മ ചേട്ടനെ രാവിലെ
എണീപ്പിക്കുന്നത് , ഭക്ഷണം
കഴിക്കാൻ വിളിക്കുന്നത് ഇതെല്ലാം
ഞാൻ ഇവിടെ ഗർഭപാത്രത്തിലിരുന്ന്
കാണാൻ തുടങ്ങിയിട്ട് എത്ര കാലമായി?
അയ്യോ .... അതു പറഞ്ഞപ്പോഴാണ്
അക്കാര്യം ഓർമ്മ വന്നത് ......
ഇന്നല്ലേ അമ്മയുടെ expected date of delivery ?
പുതിയ റിലീസ് ആയി ഞാൻ
ഇറങ്ങേണ്ട ആ ദിവസം.....
അതിന്റെ കാര്യം ആലോചിച്ചാണല്ലോ
ഇന്നലെ കുറച്ചു നേരത്തെത്തന്നെ
ഉറങ്ങിയത് ........



**Dr Reshma Sajan**
*Associate Professor*
*Government Medical College*
*Palakkad*

ഞാൻ ഉറങ്ങാൻ തുടങ്ങുമ്പോൾ അമ്മ എനിക്കുള്ള ഓരോ സാധനങ്ങളും കിറ്റിൽ പാക്ക് ചെയ്യുകയായിരുന്നല്ലോ .....
അമ്മ ഓരോ പ്രാവശ്യവും മനസ്സുകൊണ്ട് എന്നോട് കൊഞ്ചി സംസാരിച്ച് കൈ വയറിൽ വെക്കുമ്പോൾ ഉള്ള ഒരു ഇത് .......എന്താ പറയ്യാ ....
ഞാൻ അമ്മയുടെ കൈ തൊടാനായി ഗർഭപ ാത്രത്തിൽ നിന്ന് എന്റെ കൈ ഉയർത്തിയത് അമ്മയും അറിഞ്ഞിരുന്നോ ?
നേരിട്ടു കണ്ടിട്ടു വേണം ചോദിക്കാൻ .......
അതിനും മുമ്പ് എനിക്ക് എന്റെ അമ്മയെ കാണണം ....... കൊതിയായി....

അല്ലേ
'എന്താ ഉണ്ണിക്കുട്ടാ, വല്യ സന്തോഷത്തിലാണല്ലോ ...... പുറത്തിങ്ങാറായില്ലേ '
ഈ മാസമത്രയും എനിക്ക് വേണ്ടി രാപകലില്ലാതെ പണിയെടുത്ത ബെസ്റ്റ് ഫ്രണ്ട് - Placenta ക്കുട്ടൻ ........

ഞാനുറങ്ങുമ്പോൾ പോലും അവനാണ് അമ്മയുടെ ഭക്ഷണത്തിൽ നിന്ന് ഞാനാവശ്യപ്പെട്ടതെന്തും നൽകിയത് ......
എന്തിന്, പ്രാണവായു പോലും.....

ഗർഭാശയത്തിനെ മെരുക്കാൻ അവൻ ഒരു ഐഡിയ പ്രയോഗിച്ചു - സ്വന്തം ചെലവിൽ ഹോർമോൺ പോലും ഉണ്ടാക്കി നൽകി .......
അതുകൊണ്ട് എനിക്ക് സുഖവാസം ......
അതെ, അവൻ എന്റെ ചങ്ക് ബ്രോ .....

അവനെപ്പിരിയുമ്പോൾ ഉള്ള എന്റെ വെപ്രാളം കണ്ട് liquorക്കുട്ടന് ചെറിയ സങ്കടം വന്നിട്ടുണ്ട് ......
അവനാണല്ലോ എനിക്ക് ഉറങ്ങാനും നിവരാനും നീളാനും deluxe room ഒരുക്കിത്തന്നത് ......
ആ പരിഭവം മാറ്റാൻ , അവനോട് സംസാരിച്ച് എന്നത്തെയും പോലെ അവനെ കെട്ടിപ്പിടിച്ചാണ് ഞാൻ ഇന്നലെ ഉറങ്ങിയത് .....

Placenta ക്കുട്ടൻ ആണ് ആദ്യ idea തന്നത് ......
'ഉണ്ണിക്കുട്ടാ നീ 'ടെയ്ക്ക് ഓഫിന്' റെഡിയായിക്കോ ട്ടോ ..... ഇങ്ങനെ മടിപിടിച്ച് ഇരുന്നാൽ ഒന്നും നടക്കില്ല . ഈ പെൽവിസ് തുരങ്കത്തിന്റെ മുകൾ വാതിലിൽ കടന്നു കൂടണമെങ്കിൽ ഒരു മുന്നൊരുക്കമൊക്കെ വേണം .... നല്ല കുട്ടിയായി തലകുനിച്ച് ഒരു നേക്കിൽ കേറി engaged ആയാൽ ആദ്യ കടമ്പ Succesful ......'
ഉണ്ണിക്കുട്ടൻ അനുസരണയോടെ engaged ആയി ......
ചങ്ങാതി നന്നായാൽ .....
ഇപ്പോഴും സഹായിക്കാൻ വന്നത് പ്ലാസന്റക്കുട്ടൻ :
' ഗർഭാശയം അമ്മ കൊടുത്ത Oxytocin കോലു മിഠായി ഒളിച്ചിരുന്ന് കഴിക്കുന്നത് കണ്ടു .... ഞാൻ എന്റെ പുതിയ ഹോർമോൺ കോലു മിഠായിയും കൊടുക്കാം .....അവൻ തീറ്റക്കൊതിയനാ.......
രണ്ട് കോലു മിഠായി കിട്ടിയാൽ അവൻ നമ്മൾ പറയുന്ന പോലെ ഉണ്ണിക്കുട്ടനെ താഴോട്ട് തള്ളിക്കോളും .......'
അതെ കോലു മിഠായി ഐഡിയ ഫലിച്ചിരിക്കുന്നു.... ഗർഭാശയം എന്നെ താഴേക്ക് തള്ളാൻ തുടങ്ങിയിരിക്കുന്നു.....
ചെറിയ പേടി തോന്നുന്നുണ്ട്. ഞാൻ Liquor ക്കുട്ടനെ കെട്ടിപ്പിടിച്ചു കണ്ണ് ഇറുക്കി അടച്ചു ....

പെട്ടന്നൊരു നിലവിളി കേട്ടപ്പോൾ വെപ്രാളമായി...
അമ്മയാണല്ലോ കരയുന്നത്......
എന്തു പറ്റി എന്റെ അമ്മയ്ക്ക് ?? എനിക്കും കരച്ചിൽ വന്നു....
'ഉണ്ണിക്കുട്ടാ വിഷമിക്കേണ്ട ....'.Liquor ക്കുട്ടനാണ് 'അമ്മയ്ക്ക് നല്ല വയറുവേദന ഉണ്ടാകും ...........
എത്രയും പെട്ടെന്ന് നീ പുറത്തുകടന്നാൽ അമ്മയ്ക്ക് അത്രയും സമാധാനം ...... ഞാൻ മുന്നിൽ പോയി നിന്റെ കാര്യങ്ങളൊക്കെ ഒന്ന് ശരിയാക്കട്ടെ. പേടിക്കേണ്ട നീ പോയിക്കഴിഞ്ഞേ പ്ലാസന്റക്കുട്ടൻ പോണുള്ളൂ.'
പാവം അമ്മ .....
ഉണ്ണിക്കുട്ടൻ വേഗം തല കുനിച്ചും മറ്റു സകല അടവും പയറ്റി പെൽവിക് ടണലിൽ കേറാൻ നോക്കുന്നുണ്ട് .......
ഏട്ടൻ ടി.വി യിൽ കാണാറുള്ള 'ഡോറയുടെ പ്രയാണമാണ്' ഓർമ്മ വന്നത് .......
Map ഉണ്ടെങ്കിൽ വഴി ചോദിക്കാമായിരുന്നു......
ടണലിൽ താഴോട്ട് ഇറങ്ങി പകുതിയെത്തിയപ്പോൾ

ആണ് പുതിയ ഒരു മസിലാന്റിയെ പരിചയപ്പെട്ടത്
..... ലിവേറ്റർ ആനി ........ ഒരു പാവം.....
ജാഡക്കാരൻ സിക്സ് പാക്ക് Rectus അണ്ണന്റെ
നേരെ opposite സ്വഭാവം......
'വേഗം വന്ന് ഈ സ്ലൈഡിൽ കേറിക്കോ
ഉണ്ണിക്കുട്ടാ ......തലയൊന്നു തിരിച്ച് സിംഫൈ
സിസ് pubis വരെ 'ശൂം' എന്ന് ആൻറി
എത്തിക്കാം .......'
പെട്ടെന്ന് വികൃതിക്കാരൻ ഗർഭാശയത്തിന്റെ വക
ഒരു ഉന്ത്..... ശൂം.... നല്ല രസം ......
Levator slide കൊള്ളാല്ലോ ...... ഞാൻ
തുരങ്കിന്റെ താഴെ എത്തിയിരിക്കുന്നു .....
തല ചെറുതായി ഒന്ന് സിംഫൈസിസ്
എല്ലിൽ തട്ടി .....
കഴുത്ത് ഒന്ന് ചെറുതായി ഉളുക്കിയോ .....
ചെറിയ വേദന ....... ഇല്ല സാരമില്ല....

കോലുമിഠായി തന്ത്രം ഏറ്റു.... കൊതിയൻ
ഗർഭാശയം, cervix എന്ന പുറം വാതിൽ വരെ
തുറന്നു വച്ചിരിക്കുന്നു ...... ....

അയ്യോ ... അമ്മ അലറിക്കരയുകയാണല്ലോ......
എത്രയും പെട്ടന്ന് എനിക്ക് പുറത്തെത്തണം.
എനിക്കും ഗർഭാശയത്തിനും മാത്രം കഴിയുന്നില്ല
ട്ടോ.... അമ്മേ, ഒന്ന് ഉന്തിത്തരാമോ..
ആ വേദനയ്ക്കും അലറിക്കരച്ചിലിനും ഇടയിൽ
പോലും അമ്മ എന്റെ ആവശ്യം അറിഞ്ഞു ........
അമ്മയുടെ ആ കരുതലിൽ ഞാൻ തുരങ്കത്തിന്റെ
പുറം വാതിലിൽ നിന്ന് തലയുയർത്തിയത് അതു
വരെ കാണാത്ത ലോകത്തേക്ക് ......

വെളിച്ചം കൊണ്ട് കണ്ണു മഞ്ഞളിച്ചു....
പച്ചയും നീലയും യൂണിഫോം ഇട്ട രൂപങ്ങൾ
മുന്നിലൂടെ ഓടുന്നു.......
ആരോ എന്നെ കാലിനു പിടിച്ച് മുതുകത്ത് ഉരച്ചു.
അതാ താഴെ ബക്കറ്റിൽ എന്റെ ഉറ്റതോഴൻമാർ .....
ഈ യാത്രയിലും നിസ്വാർത്ഥരായി എന്നെ
നയിക്കാൻ മുന്നിൽ നിന്ന liquor കുട്ടനും;
സംരക്ഷിക്കാൻ പിന്നിൽ നിന്ന പ്ലാസന്റക്കുട്ടനും
..... ഇനി അവരുടെ ഓർമ്മയ്ക്കായി ഈ
വെട്ടി മുറിച്ച പുക്കിൾക്കൊടി മാത്രം.....
എന്റെ തൊണ്ടയിൽ ഒരു ഗദ്ഗദം .......

അമ്മയെയാണെങ്കിൽ കാണുന്നുമില്ല.......
കരച്ചിലിന്റെ ശബ്ദവും കേൾക്കുന്നില്ല ......
ഒറ്റപ്പെട്ടതിന്റെ സങ്കടം സഹിക്കാനാവുന്നില്ല .....
ഞാൻ പറ്റാവുന്ന അത്ര ഉച്ചത്തിൽ നിർത്താതെ
കരഞ്ഞു......
അതു കേട്ട് ചിരിക്കുന്ന, പച്ചയും നീലയും
രൂപങ്ങൾ എന്നെ വീണ്ടും ഭയപ്പെടുത്തി ......
ഞാൻ വീണ്ടും വീണ്ടും കരഞ്ഞു.....

എന്നെ തുടച്ച് ഒരു ടവലിൽ പുതപ്പിച്ചപ്പോൾ
ഒരു ആശ്വാസം....
ഞാൻ കണ്ണുകൾ അടച്ചു .....
അതാ വീണ്ടും എനിക്കു ചുറ്റും സ്നേഹത്തിന്റെ
കരസ്പർശം ......
മാറിൽ നിന്ന് ഊറുന്ന കരുതലിന്റെ ചൂട്......
ഇത് എന്നിൽ ജീവന്റെ തുടിപ്പ് തുടങ്ങിയതു
മുതൽ തന്നെ ഗർഭപാത്രത്തിൽ നിന്ന് ഞാനറിഞ്ഞ
ശ്വാസത്തിന്റെയും ഹൃദയത്തിന്റെയും താളം.....
'എന്റെ ഉണ്ണിക്കുട്ടാ'.....
നേരിട്ട് കേൾക്കാൻ കൊതിച്ച ശബ്ദവും .....
ഞാൻ പതുക്കെ കണ്ണുകൾ തുറന്നു......
അമ്മയുടെ ചുണ്ടുകൾ എന്റെ നെറ്റിയിൽ
അമർന്നു.....

ഈ യാത്ര ഞാൻ തുടങ്ങിയതു തന്നെ
വെളിച്ചത്തിന്റെ വലയമുള്ള, സ്നേഹത്തിന്റെ
ഈ മാലാഖയെ കാണാൻ വേണ്ടി മാത്രം ......
ഈ പ്രപഞ്ചത്തിൽ ഇപ്പോൾ ഞാനും എന്റെ
അമ്മയും മാത്രം .....
അതിനു സാക്ഷിയായി
സൂര്യനും ചന്ദ്രനും കോടാനുകോടി
നക്ഷത്രങ്ങളും ...... പിന്നെ അവരെയും
അമ്മയെയും എന്നെയും സൃഷ്ടിച്ച,
മനുഷ്യൻ പല പേരിലും വിളിച്ച് ചെറുതാക്കി
സ്വന്തമാക്കാൻ ശ്രമിക്കുന്ന;
പേര് പോലും ആവശ്യമില്ലാത്ത,
ആ ഒരൊറ്റ വലിയ നിലയ്ക്കാത്ത സ്നേഹവും ...

# കുഞ്ഞാവയുടെ അപ്പ.

കുറച്ചു നാൾ മുൻപ് നടന്ന ഒരു കഥയാണ്. ഞാൻ തിരുവനന്തപുരത്ത് എസ് എ റ്റി യിൽ ജോലി ചെയ്യുന്ന സമയം. ചില ദിവസങ്ങളിൽ ജോലി കഴിയുമ്പോൾ ഭർത്താവ് വന്ന് വിളിക്കും. സാധാരണ ഒറ്റയ്ക്കാണ് വരവ്. ഒരു ദിവസം മോൾക്ക് നിർബന്ധം
എനിയ്ക്കും ആശുപത്രിൽ അമ്മയെ വിള ിക്കുവാൻ വരണം
മോൾക്ക് അന്ന് രണ്ടര വയസ് പ്രായമേ ഉള്ളു. അങ്ങനെ അവളും അന്ന് ആ അമ്മമാരുടെയും കുഞ്ഞാവകളുടേയും ലോകത്തിലേക്ക് പുറപ്പെട്ടു. ജനിച്ചതിന്റെ പിറ്റേന്ന് ഡിസ്ചാർജ് വാങ്ങി പോന്നതാണ്, പിന്നെ ആദ്യമായിട്ടാണ് ആ വഴി. കാഴ്ചകൾ കണ്ട് ആഹ്ലാദത്തോടെ എസ്എറ്റിയിൽ വന്നിറങ്ങിയ അവർ അവിടെ എല്ലാം ചുറ്റിത്തിരിഞ്ഞു. ജോലി കഴിഞ്ഞു എത്തിയ എന്നോട് അവൾ ഒരൊറ്റ ചോദ്യം സങ്കടത്തോടെ
"അമ്മേ ആ കുഞ്ഞാവയുടെ അപ്പ എന്തിയേ?"
എസ് എ റ്റി യുടെ മുൻപിലുള്ള അമ്മയുടേയും കുഞ്ഞിന്റെയും പടുകൂറ്റൻ പ്രതിമ ചൂണ്ടിക്കാട്ടിയാണ് ചോദ്യം. ഇനി മറുപടി കൊടുക്കാതെ നിവൃത്തിയില്ല.
"അപ്പ ഡ്യൂട്ടിയ്ക്ക് പോയിക്കാണും"
ഡ്യൂട്ടി എന്ന കേട്ടപ്പോഴേ അവളുടെ സകല ജിജ്ഞാസയും അടങ്ങി.
അന്ന് ഞങ്ങൾ എൽഐസിയ്ക്ക് സമീപ മാണ് താമസിക്കുന്നത്. കേശവദാസ പുരം ജംഗ്ഷൻ എത്തിയതും അവൾ ആഹ്ലാദത്തോടെ ഉയർന്നു ചാടി.
"ദേ കുഞ്ഞാവയുടെ അപ്പ".
ആശ്ചര്യത്തോടെ നോക്കിയ ഞങ്ങൾ കണ്ടു, അവളുടെ കുഞ്ഞു കൈകൾ ചൂണ്ടുന്നു... സാക്ഷാൽ ശ്രീ. ടി.എം.വർഗ്ഗീസിന്റെ പ്രതിമയെ...

**Dr. Acka Priya Varghese**
*Additional Professor*
*Govt Medical College*
*Kottayam*





**Dr.Shony Thomas.**
*Junior consultant*
*DH, Kannur*

# ഒരു മഴയ്ക്കായി ....

ആകാശത്തെ ഭൂമിയുമായി ബന്ധിക്കുന്ന
ചങ്ങലയാണ് മഴ...
ആകാശം ഭൂമിയോട് കഥ പറയുന്നത്
മഴയിലൂടെ ആകണം..
അതിനാലാണ് മഴയ്ക്ക് വിവിധ ഭാവങ്ങൾ
ഉണ്ടാകുന്നതെന്ന് തോന്നുന്നു..
ചിലപ്പോൾ കൊഞ്ചലായി താരാട്ടായി
പ്രണയമായി വിരഹമായ് നഷ്ടമായി
കോപിഷ്ഠനായി പറന്നിറങ്ങുന്ന മഴ...
ഈ മഴയെ ബന്ധങ്ങളോട് ഉപമിക്കുമ്പോൾ
ചുറ്റുമുള്ള ബന്ധങ്ങളിലും ഈ ഭാവങ്ങൾ
കാണാനും ഉൾകൊള്ളാനും കഴിയുമ്പോൾ
ജീവിതവും ഒരു നിലാമഴയാകുന്നു...
പറഞ്ഞു തീരാതെ മറഞ്ഞു പോയവർ..
കൂടെയുണ്ടായിട്ടും കൂടുതലൊന്നും പറയാൻ
കഴിയാത്തവർ.....
ഇനിയും പറയാനൊന്നും ബാക്കി ഇല്ലാത്തവർ
...
പെയ്യാൻ ഇനിയും ബാക്കി നിൽക്കുന്ന മഴ
പോലെ ജീവിതം...
മാറി മാറി വരുന്ന ഋതു ഭേദങ്ങൾ കാത്തു
വച്ചിരിക്കുന്ന വേഷപകർച്ചകൾക്കായി
കാത്തിരിക്കുന്ന കളിക്കാർ...
അവർക്കാടിത്തിമിർക്കാനായി ഒരുപാട്
സദസ്സുകൾ ബാക്കി നിൽക്കുന്നു....
പെയ്തു തീരാത്ത മഴയുടെ ആടി തീരാത്ത
ഭാവത്തോടെ ജീവിതവും.....
ഇനി വരും ജന്മത്തിൽ ഒരു മഴയായി...
ആ മഴയിൽ നിന്റെ കണ്ണുനീർ ഒഴുകി
തീരുമ്പോൾ മാനത്തു തെളിയുന്ന മഴവില്ല്
പോലെ ഒരു നിലാ പുഞ്ചിരി നിന്റെ മുഖത്ത്
പരത്തുവാനായി ഞാൻ വരാമെന്നു വെറുതെ
കളി പറഞ്ഞു പോകാനായി അതാ ഒരു
കാർമേഘം എന്നെ വിളിക്കുന്നുവോ.....
ഇല്ലാ.... എന്നെ തേടിയെത്തുന്ന വിളികളൊന്നും
എനിക്കുള്ളതല്ല എന്ന് ഞാൻ തിരിച്ചറിയുന്നു...
ആ തിരിച്ചറിവിൽ ഒരു കണ്ണുനീർ തുള്ളി ഒഴുകി
മഴത്തുള്ളിയോടലിയുമ്പോ മാനത്തു വിടർന്ന
മഴവില്ലിനെ നിറഞ്ഞ സ്നേഹത്തോടെ ഞാൻ
നോക്കിയപ്പോൾ ഒരു പുഞ്ചിരി എന്റെ ഉള്ളിലും ന
റു നിലാവായി പരക്കുന്നത് ഞാൻ അറിയുന്നു
.....





# “മ”

**Dr. Reshma Sajan**
Associate Profesosr
Govt Medical College
Palakkad

എട്ടാം ക്ലാസിലെ പൊട്ടത്തരങ്ങളിൽ കുട്ടി-
ക്കല്ല്യാണം കഴിച്ചന്ന് കളികൾ നിർത്തിയവൾ
വീട്ടിൽ മറന്നൊരാ പാവയ്ക്കു പകരമായ്
ഞാനെന്ന പാവയെ നെഞ്ചിലേറ്റിയവൾ
അരികിലെ മേശമേലിരിക്കും വെള്ളമെ -
ന്നച്ഛന്നുനൽകി തൻ ദാഹം ശമിപ്പിച്ചവൾ
കൂട്ടുകുടുംബത്തിൻ പാത്രം കഴുകുമ്പോൾ
സ്വന്തം വയറിന്റെ വിശപ്പുമറന്നവൾ
അനുവാദമില്ലാതെ അമ്മയെക്കാണുവാൻ
പുറത്തേക്കിറങ്ങിയാൽ ശിക്ഷിക്കപ്പെട്ടവൾ
വിഷലിപ്തമാം വാക്കും തനുവിലെ മുറിവും
സ്നേഹമരുന്നാൽ ഉണക്കി മറന്നവൾ
വഴി മുറിച്ചുകടന്നിടാൻ പോലുമറിയാതെ
ഭയചകിതയായി തിരിഞ്ഞോടി വന്നവൾ
തെറ്റായൊരിംഗ്ലീഷിൽ ഞാൻ ചൊന്നൊരാ പദ്യം
കാസറ്റിലാക്കി കേട്ടങ്ങിരുന്നവൾ
അരുതെന്നൊരക്ഷരം പറയാതെയെന്നുമാ
കരുതലിൻ ചിറകിൽ എന്നെ രക്ഷിച്ചവൾ
സഹനത്തിൽ നീരിനാൽ എൻ കൗമാരക്കനലിനെ
പൊള്ളലേൽപിക്കാതെ തീർത്തും തണുപ്പിച്ചവൾ
എൻ മകൾ നല്ലവൾ എന്നുച്ചസ്ഥായിയിൽ
പറഞ്ഞെന്റെ ടീച്ചറെ സ്തബ്ധയാക്കിയവൾ
അമ്മ തെളിയിച്ചൊരാ മെഴുതിരി വെളിച്ചത്തിൽ
കാണാതെ ഞാൻ കണ്ടു കാഴ്ചകൾ, നിഴലുകൾ
സ്ത്രീകൾക്കു മാത്രമായുള്ളൊരു ശരിതെറ്റും
അതിലെ ശരിതെറ്റും ചോദ്യമായങ്ങനെ
ഉത്തരമായ് കണ്ട വിദ്യയാം കയറതിൽ
വീഴാതെ പൊട്ടാതെ വെച്ചടി കയറി ഞാൻ
ഉത്തുംഗമെത്തി കൈകൾ നീട്ടുന്നു ഞാൻ
ഇന്നെന്റെ അമ്മയെ കൈപിടിച്ചുയർത്തുവാൻ
വാക്കു ഞാൻ നൽകിയെന്നമ്മയ്ക്കതിന്നലെ
ചുറ്റിച്ചിടാം കാറിൽ നഗരത്തിലെമ്പാടും
കൈവിരൽ പിടിച്ച് വഴി മുറിച്ച് കടന്നിടാം
പാർക്കിൽ പോയിടാം ഊഞ്ഞാലിലാട്ടിടാം
തിരിച്ചു തന്നിടാം നഷ്ടബാല്യകൗമാരങ്ങൾ
ഇനി ഞാനല്ലോ അമ്മ; നിങ്ങളെൻ പ്രിയപുത്രി.....



# കൊറോണ - എന്ന പാരഡി

കൊറോണയെന്നാൽ പാരിൻ നടുവിൽ കേവലമൊരു വൈറസ്സല്ല ......
ജനകോടികൾ നമ്മിൽ നാശം വിതച്ച ഭീകര വൈറസ്സാണല്ലോ ...(2)
കടന്നുവന്നൂ ചൈനയിൽ നിന്നും മരിച്ചു പലരും നാടാകെ
നാട്ടിൽ നിന്നും തുരത്തും വരെയും വിശ്രമമില്ലിനിമേൽ ...
തുടങ്ങി വെച്ചു നാമൊരു കർമ്മം
മാസ്ക് ധരിക്കുക നമ്മുടെ ധർമ്മം
സ്വതന്ത്ര ഭാരത വിശാല ഹർമ്യം
വിമുക്തമാക്കും: നമ്മുടെ കർമ്മം
കൊറോണയെന്നാൽ പാരിൻ നടുവിൽ കേവലമൊരു വൈറസ്സല്ല
ജനകോടികൾ നമ്മിൽ നാശം വിതച്ച ഭീകര വൈറസ്സാണല്ലോ.
ഗ്രാമം തോറും നമ്മുടെ സേവനം
ക്ഷേമം വിതറി നടക്കട്ടെ
കൂരകൾ തോറും നമ്മുടെ ദൌത്യം
കൂരിരുൾ മാറ്റിമറിക്കട്ടെ ....
അടിപതറാതീ ജനകോടികൾ
പുതുപുലരിയിലേക്ക് കുതിക്കട്ടെ..
അലസതയരുതേ നമ്മുടെ ലക്ഷ്യം
അരികെ അരികെ അരികെ....



**Dr.M.K.Geetha Rajeev**
*Consultant Gynaecologist*
*Nucleus Healthcare Hospital*
*Nadapuram.*

# കോട്ടയും കാറ്റും പുലരിയും ......

**Dr.Hema Warrier**
*Senior consultant &
Laparoscopic surgeon
Rajiv Gandhi cooperative
Hospital, Palakkad*

ഇതാണ് ഞങ്ങളുടെ പാലക്കാട് കോട്ട. പണിതത് 1726ൽ ഹൈദരലി ആണെങ്കിലും ഞങ്ങൾക്ക് അത് ടിപ്പുവിന്റെ കോട്ടയാണ്.
കോട്ടയ്ക്ക് ചുറ്റും കിടങ്ങ്, അതിനു ചുറ്റും ടൈൽസ് പാകിയ നടവഴി. മൂന്ന് ചുറ്റ് ഉഷാറായി നടന്നാൽ മൂന്ന് കിലോമീറ്ററായി. എന്റെ ദിവസത്തിന് എനർജി പകരുന്നത് ഈ നടത്തം തന്നെ.
എത്ര പേരാണീ നടക്കുന്നത്! ഒരു ആയിരമെങ്കിലും കാണും. ഞാൻ നടത്തം തുടങ്ങിയ കാലത്ത് ഏക വനിത ഞാനായിരുന്നു. ഇപ്പോൾ ധാരാളം സ്ത്രീകളെയും പെൺകുട്ടികളെയും കാണാനുണ്ട്.
കാലത്ത് നേരത്തെ നടത്തം തുടങ്ങും. ആദ്യത്തെ റൗണ്ടിൽ മിക്കവാറും ഇരുട്ടാണ്. വൈദ്യുതി വിളക്കുകൾ കത്തുന്നത് കാണാറില്ല. അസ്തമിക്കുന്ന നിലാവെളിച്ചത്തിൽ ഒന്നും രണ്ടും ആൾക്കാർ മാത്രം. പനയോലയിൽ കാറ്റിൻറെ മർമ്മരം. ഉറങ്ങാത്ത ഒരു മൂങ്ങയുടെ മൂളൽ.
രണ്ടാമത്തെ റൗണ്ടാകുമ്പോഴേക്കും നേരം പുലർന്നു തുടങ്ങും. കോട്ടയ ്ക്ക് ചുറ്റും ഇല വിരിച്ചു നിൽക്കുന്ന കൂറ്റൻ മരങ്ങളിൽ കൂടുകൂട്ടിയ പക്ഷികളുടെ കലപില തുടങ്ങുകയായി. ഇടയ്ക്ക് ഓരോ നിറമുള്ള ഫ്ളാഷ് ഒരു മരത്തിൽ നിന്നും മറ്റേ തിലേക്ക് പായും. കൂടുതൽ ആളുകൾ വന്നു തുടങ്ങും. മിക്കവർക്കും ഞങ്ങളെ അറിയാം. ഒരു പുഞ്ചിരി, അല്ലെങ്കിൽ കൈവീശൽ, ചിലപ്പോൾ “ഗുഡ് മോണിംഗ് ഡോക്ടർ’. ഞങ്ങൾ അന്യോന്യം നോക്കും.
അവരുടെ hysterectomy ചെയ്തു അല്ലേ?
അയാളുടെ colle’s fracture ചികിത്സിച്ചു അല്ലേ?
ഈ കൊച്ചു പാലക്കാട്ട് എത്ര ഭാഷകളാണ്! മലയാളം, ഹിന്ദി, തമിഴ്, ഇംഗ്ലീഷ് കൂടാതെ ബംഗാളി, തെലുങ്ക് പോലും. ചിലർ രാഷ്ട്രീയം പറയുന്നു. GSTയെപ്പറ്റി പരാതി പറയുന്നവർ കച്ചവടക്കാർ തന്നെ. ബിരിയാണിയുടെ recipe കൈമാറുന്ന arthritic അമ്മമാരുടെ കാൽമുട്ട് എന്നോ മാറ്റി വെയ്ക്കേണ്ടിയിരുന്നു.
മൂന്ന് റൗണ്ട് കഴിഞ്ഞതേ അറിഞ്ഞില്ല. നേരത്തെ സർജറിയുണ്ട്.
Anaesthetistൻറെ ചീത്ത കേൾക്കാൻ വയ്യ. പോട്ടെ bye!



# ഒരു കമ്പിളിപ്പുതപ്പിന്റെ കഥ



**Dr.Geetha. A.P**
*Mother Hospital*
*Thrissur*

സുവനീറിലേക്ക് ലേഖനം അയക്കുമോ?
ആദ്യവിളി വന്നപ്പോൾ ആവാം എന്ന് പറയാൻ
തോന്നിച്ച ചേതോവികാരം എന്തായിരുന്നുവോ
ആവോ? പേനയും കയ്യിൽ പിടിച്ച്  നഗ്നമായ
കടലാസിനു മുന്നിൽ ഇരുന്നപ്പോൾ അശരീരി
പോലെ ആ പാട്ട് ' അവനവൻ കുരുക്കുന്ന
കുരുക്കഴിച്ചെടുക്കുമ്പോൾ ഗുലുമാൽ' .തലയിൽ
വെളിച്ചം വീണു.  ഈ പണി നമുക്ക് പറ്റിയതല്ല
എന്ന് തീർച്ചയാക്കി.അപ്പോഴാണ് കാര്യങ്ങൾ
കൂടുതൽസങ്കീർണ്ണമാക്കിക്കൊണ്ട്  'കമ്പിളി പ
ുതപ്പി'ൻറെ രംഗപ്രവേശം.ഒരു ഫോൺ വിളിയും
നിസ്സഹായരായ ഒരമ്മയും മകനും മനസ്സിൽ
തെളിഞ്ഞു. പ്രതീക്ഷ,വിശ്വാസം ഇവയ്ക്കൊത്ത്
ഉയരാൻ കഴിയാത്ത പല അവസരങ്ങളിലും
നമ്മൾ ഉപയോഗിക്കുന്ന ഒന്നാണല്ലോ ഈ '
കമ്പിളിപുതപ്പ്.അതു  ഓർമ്മിപ്പിച്ച ആളോട് ഉപ
കാരസ്മരണ.

ഈ 'കമ്പിളിപുതപ്പി'ല്ലെങ്കിൽ നമ്മൾ കഷ്ടപ്പെട്ടു
പോയേനെ.ഈ ഫോൺ എന്ന കുന്ത്രാണ്ടത്തിൽ
നമുക്ക് ഏറ്റവും സഹായം ചെയ്യുന്ന സാധനം
അഥവാ സൗകര്യം അല്ലേ ഈ  കണ്ടുപിടുത്തം?
കുട്ടികളുടെ  പരീക്ഷക്കാലത്തെ രക്ഷകൻ, ഭാര്യയ
ുടെ മുന്നിൽ തടിയൂരാൻ ഭർത്താവിനെ സഹായ
ിക്കുന്നവൻ അങ്ങിനെ എത്രയെത്ര ചുമതലകൾ
ഈ ലേഖനം എഴുതാതിരിക്കാൻ ഇതിനെ
ആയുധമാക്കണോ എന്നു ഒരു കുരുട്ട് ബുദ്ധി
എനിക്കും തോന്നി  മനസ്സിൽ. പക്ഷേ പറ്റിയില്ല.
അതാണ് നിങ്ങൾക്ക് ഇത് വായിക്കേണ്ടി വന്നത്.
ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ എന്റെ പ
ിറകെ വരുന്നവർ  ഇയാളെ എന്തിനും ഏതിനും
ഉപയോഗിക്കും എന്ന ശുഭപ്രതീക്ഷയോടെ
സ്വന്തം....

**Dr.Mumtaz.P**
*Professor*
*MES Medical College*
*Perintalmanna*





# ബഗീരാ നീ മരിച്ച് പോവല്ലെ....

ഇത് മറക്കാൻ കഴിയാത്ത ഒരു വരിയായി മനസ്സിൽ കിടക്കുന്നത് കൊണ്ടാണ് ഈ കുറിപ്പ് എഴുതുന്നത്. ബഗീരൻ മൗഗ്ലിയിലെ ധൈര്യവാനായ കരുത്തനായ കരിമ്പുലി അല്ല. നനുത്ത മഴയിലൂടെ ഒരുദിവസം വീട്ടിലേക്ക് പോവുമ്പോൾ റോഡിൽ കണ്ട ഒരു പൂച്ചക്കുട്ടി. റോഡിന് ഏകദേശം നടുവിൽ ഒരു ചെറിയ പന്ത് പോലെ. റോഡ് മുറിച്ച് കടക്കാൻ കഴിയാതെ അവിടെ ഇരുന്ന് പോയതാവാം. റോഡ് വക്കിലെ ചെടികൾക്കടിയിലേക്ക് നീങ്ങാൻ പോലുമാവാതെ.. വണ്ടി നിർത്തി ഇറങ്ങാൻ തീരേ ആലോചിക്കേണ്ടി വന്നില്ല. മറു പാതിയിലൂടെ പോകുന്ന വണ്ടികളെ തടഞ്ഞു നിർത്തി, അവിടെ പൂച്ചക്കുട്ടിയുണ്ട് അൽപ്പം നേരം നിർത്തൂ എന്ന് പറഞ്ഞപ്പോൾ മനസ്സ് അഹങ്കരിച്ചുവോ? തള്ളപ്പൂച്ച കടിച്ച് പിടിക്കുന്ന ഭാഗത്ത് പിടിച്ചാണ് അതിനെ റോഡിൽ നിന്ന് മാറ്റിയത്.

പേടിച്ച് പേടിച്ചാണ് പിടിച്ചതെങ്കിലും അത് കുതറുകയോ ഒന്ന് കരയുകയോ പോലും ചെയ്തില്ല. മെല്ലെ റോഡരികിൽ വെച്ച് തിരിച്ച് നടക്കുമ്പോളാണ് ഓർത്തത് ഒന്ന് കരയാൻ പോലുമാവാത്ത പുച്ചക്കുട്ടി. ഒറ്റയ്ക്ക് ഈ തണുപ്പിൽ ഈ മഴയിൽ അതിന് ജീവിക്കാനാവുമോ? ഇനിയും അത് വേച്ച് വേച്ച് റോഡിലേക്ക് വരില്ലേ?

ആ റോഡിന്റെ മറുവശത്ത്  അമ്മയുണ്ട് എന്ന തോന്നലിലാവുമോ അത് റോഡിലേക്ക് കയറിയിട്ടുണ്ടാവുക?

ആരോ ചാക്കിൽ കെട്ടി ഉപേക്ഷിച്ചതാവും. അല്ലെങ്കിൽ ആ പ്രായത്തിലുള്ള ഒരു പൂച്ചക്കുട്ടി തനിച്ച് അവിടെ എങ്ങിനെ എത്താനാണ്?

തിരിച്ച് ചെന്ന് വീണ്ടും അതിനെ എടുത്തപ്പോൾ ഒന്ന് വായ തുറന്നു. ശബ്ദം ഒന്നും പുറത്തേക്ക് വന്നില്ലെങ്കിലും. ചാരക്കളറും വെള്ളയും കലർന്ന നീണ്ട രോമങ്ങൾ. പഴുപ്പ് വന്ന് പീള കെട്ടി അടഞ്ഞ കണ്ണുകൾ, വാലുകൂർത്ത എല്ലും തോലുമായ ഒരു നാടൻ പൂച്ചക്കുട്ടി. അതാണ് വീട്ടിലെത്തിയപ്പോൾ മോൻ പേരിട്ട ബഗീരൻ. കഥയിലെ ബഗീരനെ പോലെ അവൻ ശക്തിമാനാവാൻ ഞാനും ആഗ്രഹിച്ചു. പ്രയാസപ്പെട്ടാണ്

പാത്രത്തിൽ നിന്ന് പാൽ കുടിച്ചത്. കുറച്ച് ദിവസമെങ്കിലും അമ്മയുടെ പാൽ കുടിച്ചിട്ടുണ്ടാവും.

ഒരു പഴയ ബെഡ്ഷീറ്റ് മടക്കി കിടക്ക പോലെയാക്കി. കണ്ണിൽ മരുന്നും ഉറ്റിച്ച് അതിൽ കിടത്തിയപ്പോൾ ബഗീരൻ പെട്ടെന്ന് ഉറങ്ങി. അമ്മയുടെ ചൂടും ബെഡ്ഷീറ്റിന്റെ ചൂടും അവന് തിരിച്ചറിയാൻ കഴിഞ്ഞിരിക്കുമോ?

രാത്രി വീണ്ടും അൽപം പാല് കുടിച്ച് ബഗീരൻ ചുരുണ്ട് കൂടി ഉറങ്ങി. ഇടക്കെപ്പോഴോ അവന്റെ ശ്വാസഗതി നോക്കി അവൻ ജീവനോടെയുണ്ട് എന്ന് ഉറപ്പ് വരുത്തി.

അത്രയും ക്ഷീണിതനായിരുന്നു. നിശ്ശബ്ദമായ് അവൻ മരണത്തിലേക്ക് ഉറങ്ങുമോ എന്ന് ഞാൻ വേവലാതിപ്പെട്ടു. പിറ്റേന്ന് ഹോസ്പിറ്റലിലേക്ക് പോവ്വാൻ മടി തോന്നി. പണ്ട് വളർത്തിയിരുന്ന സയാമീസ് പൂച്ചയേക്കാൾ ഇവൻ എന്റെ മനസ്സിൽ ഇടം പിടിച്ചുവോ? പറയാതെ പറഞ്ഞ ഒരു പ്രതിജ്ഞയുടെ നോവോ? അതോ സംരക്ഷകയുടെ മാതൃഭാവമോ? എന്തായാലും കണ്ണിൽ മരുന്ന് ഉറ്റിച്ച് കൊടുത്ത് ഞാൻ ഹോസ്പിറ്റലിലേക്ക് പോയി. തിരിച്ച് വന്നപ്പോൾ ആദ്യം തിരഞ്ഞത് ആ ബെഡ് ഷീറ്റിലെ ആ കുഞ്ഞു ജീവനെ ആയിരുന്നു. പക്ഷേ ബഗീരൻ അവിടെ ഇല്ലായിരുന്നു. വേവലാതിയോടെ പരതാൻ തുടങ്ങിയപ്പോഴേക്കും വാതിൽക്കൽ ഇട്ട ചവിട്ടിയിൽ ബഗീരൻ കൂനിക്കൂടി ഇരിക്കുന്നു. ഹാവൂ ബഗീരൻ നടക്കാൻ തുടങ്ങിയിരിക്കുന്നു.

ഒരു കണ്ണും അൽപം തുറന്നിരിക്കുന്നു. ആരോഗ്യം അൽപ്പമെങ്കിലും മെച്ചപ്പെട്ടു എന്ന് ഞാൻ ആശ്വസിച്ചു . പക്ഷേ അന്ന് തന്നെ എനിക്ക് ഒരു യാത്ര പോവ്വേണ്ടി വന്നു. ആദ്യമേ ഉറപ്പിച്ച ഒരു ഫാമിലി ട്രിപ്പ്. ബഗീരന്റെ വിവരങ്ങൾ ജോലിക്കാരെ വിളിച്ച് അന്വേഷിച്ചപ്പോൾ കുഴപ്പമൊന്നും ഇല്ല എന്നാണറിഞ്ഞത്.

എന്നാൽ മൂന്നാം ദിവസം രാത്രി തിരിച്ചെത്തിയപ്പോൾ ഞാൻ കണ്ടത് തളർന്ന് കിടക്കുന്ന ബഗീരനെയാണ്. അവനെ കയ്യിലെടുത്തപ്പോൾ അറിയാതെ ഞാൻ ഉറക്കെ പറഞ്ഞ് പോയി ' ബഗീരാ നീ മരിച്ച് പോവ്വല്ലെ ' . പക്ഷേ പിന്നെ 2 മണിക്കൂർ കൂടി. ഫില്ലറിൽ പാല് കൊടുത്ത് എന്റെ മടിയിൽ കിടത്തിയ 2 മണിക്കൂർ. ഓ ഞാൻ ആദ്യമായാണല്ലോ അവനെ മടിയിൽ കിടത്തുന്നത്. ശരീരം ഒന്ന് കൂടി ശോഷിച്ചിരിക്കുന്നു. പക്ഷേ ആ കണ്ണുകളിലെ പഴുപ്പ് പൂർണ്ണമായും മാറിയിരിക്കുന്നു. അവന്റെ വിടർന്ന കണ്ണുകൾ കണ്ടപ്പോഴാണ് ഞാനത് മനസ്സിലാക്കിയത്. വലിയ കറുത്ത കണ്ണുകൾ. ആ കണ്ണുകൾ ഇത്ര വലുതായിരുന്നോ? ആ തളർച്ചയിലും അവൻ എന്നെത്തന്നെ നോക്കുകയായിരുന്നു. ശബ്ദമില്ലാത്ത ബഗീരന്റെ ശബ്ദമായിരുന്നോ ആ നോട്ടം? എന്തിന് എന്നെ തനിച്ചാക്കി പോയി എന്നായിരിക്കുമോ ബഗീരൻ ചോദിച്ചിട്ടുണ്ടാവുക? അങ്ങിനെ ആവരുതേ എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഇപ്പോഴും. ഈ കുറിപ്പ് എഴുതുമ്പോഴും കണ്ണുകൾ നനഞ്ഞ് പോകുന്നു.

ചോദ്യങ്ങൾ ചോദിക്കാതെ ഉത്തരങ്ങൾ കേൾക്കാതെ ബഗീരൻ മരിച്ചു. ആ കുഞ്ഞ് വായും വലിയ കണ്ണുകളും തുറന്നിരുന്നു.

ആ കണ്ണുകൾ വിടർന്നിരിക്കുമ്പോൾ ഉള്ള ഒരു ഫോട്ടോ എന്റെ കയ്യിൽ ഇല്ലെങ്കിലും എന്റെ മനസ്സിൽ അത് മായാതെ നിൽക്കുന്നു. വീടിന് പിന്നിൽ കുഴിയെടുത്ത് ബഗീരനെ ഞാൻ ഉറക്കി.

എല്ലാ അർത്ഥത്തിലും ഞാൻ തന്നെയാണോ ആ ഉറക്കത്തിന് ഉത്തരവാദി?

ആ യാത്ര ഞാൻ പോയില്ലായിരുന്നെങ്കിൽ ബഗീരൻ ജീവിക്കുമായിരുന്നു എന്ന് മനസ്സ് ഉറപ്പിച്ച് പറയുന്നു. അതിന് ആരോഗ്യമുണ്ടായിരുന്നില്ല , റോഡരികിൽ കിടന്നതാണ്, പല അസുഖങ്ങളും ഉണ്ടായിട്ടുണ്ടാവും എന്തായാലും മരിച്ച് പോവ്വുമായിരുന്നു എന്നൊക്കെ പലതും പറഞ്ഞിട്ടും മനസ്സ് കൂട്ടാക്കിയില്ല. വെറ്റിനറി ഡോക്ടറെ കാണിക്കാമായിരുന്നു, എന്തെങ്കിലും ആന്റിബയോട്ടിക് കൊടുക്കാമായിരുന്നു.

റിട്രോസ്പെക്ടീവ് സ്റ്റഡിക്ക് വാല്യു കുറവാണ്,



ഫൈനൽ ഇയറിൽ കേൾക്കാൻ തുടങ്ങിയതാണ്. എന്നിട്ടും ജീവിതത്തിൽ അധികവും റിട്രോസ്പെക്ഷൻ ആണ്, എന്ത് കൊണ്ട്?

മോർട്ടാലിറ്റി മീറ്റിംഗുകളിൽ എന്ത് കൊണ്ട് എല്ലാ സാധ്യതകളും എല്ലാവർക്കും ഓർമ്മ വരുന്നു?

ചെയ്യാമായിരുന്ന ടെസ്റ്റുകൾ, കൊടുക്കാമായിരുന്ന മരുന്നുകൾ, ചെയ്യാമായിരുന്ന ശസ്ത്രക്രിയകൾ, എല്ലാം വളരെ വൈകിയ ശേഷം മാത്രം..

എന്റെ കയ്യിന്റെ ചൂടിലേക്ക് എന്റെ വീടിന്റെ സുരക്ഷിതത്തിലേക്ക് ഞാൻ കൊണ്ട് വന്ന ബഗീരൻ. എന്നിട്ടും അവന്റെ ജീവിതത്തിലെ അവസാന 2 മണിക്കൂർ മാത്രമല്ലേ ഞാൻ അവന് വേണ്ടി നീക്കിവെച്ചുള്ളൂ..

ബഗീരാ നീ മരിച്ച് പോവല്ലെട്ടൊ എന്ന് പറയുമ്പോൾ ഒരു അത്ഭുതമായി നീ ജീവിതത്തിലേക്ക് തിരിച്ച് വരണം എന്ന് ഞാൻ അതിയായ് ആഗ്രഹിച്ചു. അതിന് പിന്നിൽ നിന്നോടുള്ള ഇഷ്ടമോ? എന്റെ തെറ്റുകൾ തിരുത്താനുള്ള അവസരമോ?

പക്ഷേ നീ എന്നെ തോൽപ്പിച്ചു കളഞ്ഞു.

ഇപ്പോഴും ഡ്രൈവ് ചെയ്യുമ്പോൾ ആ റോഡരികിൽ നിന്റെ സാന്നിദ്ധ്യം ഞാനറിയുന്നു. നിന്നെ ഓർക്കാത്ത ദിനങ്ങളും എന്റെ ജീവിതത്തിൽ ഉണ്ടാവും.

സഞ്ചരിക്കേണ്ട ദൂരം കുറഞ്ഞ് വരുമ്പോഴും വേഗത കൂടി വരുന്നു എന്ന സത്യം ഒരു വശത്ത്. മറുവശത്ത് ഇനിയും വൈകിയിട്ടില്ലാത്ത പ്രതീക്ഷകൾ എന്നെ നോക്കുന്നു , നിന്റെ വലിയ കണ്ണുകളിലൂടെ ,
നിശ്ശബ്ദമായ് ..

# പുദിയ മലയാലം കലി



**Dr. Reshma Sajan**
Associate Profesosr
Govt Medical College
Palakkad

ഏറുപന്ത്, കുട്ടീം പുള്ളും, ഓടിക്കളി, ഒളിച്ചുകളി, കല്ലുകളി, ഞൊണ്ടിക്കളിയിൽ തുടങ്ങി ആൺ പെൺ സിനിമാ രാജ്യം വഴി ഏത് പരിപാടിക്കും ഒഴിച്ചു കൂടാൻ പറ്റാത്ത അന്താക്ഷരി , ഡംബ് ഷെരാഡ്സ് എന്നിവയിൽ എത്തി നിൽക്കുന്ന നമ്മൾ മലയാളികൾക്കായി കേരളപ്പിറവി ദിനമായ November 1 ൽ ഞാനവതരിപ്പിക്കുന്നു : ...
പുതിയൊരു കളി.....
മലയാള ഭാഷയെ പരിപോഷിപ്പിക്കാനുള്ള പ്രത്യേക കളി ........
ഈ കളിക്ക് മലയാളത്തിലെ 56 അക്ഷരങ്ങൾ പോരാതെ വന്നപ്പോൾ ഞാൻ ഇംഗ്ലീഷിലെ 26 അക്ഷരം കടമെടുത്തു.....
പക്ഷെ രക്ഷയില്ല.........
ചില ഉച്ചാരണങ്ങൾക്ക് മലയാളത്തിൽ മാത്രം മിനിമം 2 സെറ്റ് അതായാത് ഒരു 112 അക്ഷരങ്ങൾ എങ്കിലും വേണ്ടിവരും .......
ഇത് ഒരു ക്വിസ് ആണെങ്കിലും;
പൊതുവിജ്ഞാനം തീരെ വേണ്ട......
ഇപ്പോഴാണ് എല്ലാവർക്കും ശ്വാസം വീണത് അല്ലേ.....
കളിയുടെ നിയമങ്ങൾ :
ഉത്തരം അറിയില്ലെങ്കിൽ പാസ് ചെയ്യാം.......
പക്ഷെ പകുതി മാർക്ക് ......
ഈ കലിയിൽ കേരലത്തിൽ ഉല്ല മലയാലം അരിയാത്ത മലയാലികൾക്ക് bonus point കിറ്റുന്നതാണ് .....
ഇനി തല്ലുകൂടരുത് ........
ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമം

ആയിരിക്കും.......
തയ്യാർ അല്ലേ .......
ഏതു മലയാളിയും അറിയുന്ന എളുപ്പമുള്ള
ഒരു ചോദ്യം വെച്ച് ഒന്നാം റൗണ്ട് തുടങ്ങാം:

ചോദ്യം ഒന്ന്:
ക്ലൂ ഒന്ന് : ധപാങ്ങ്.......... ധപാങ്ങ് .......
ക്ലൂ രണ്ട്:
ചെരിയ കൊ– ദു – കു– കലെ തുര്ത്താൻ normal-mode
വെ ലി യ കൊ–ദു കു – കലെ തുര്ത്താൻ – active :mode.....

ചോദ്യം രണ്ട് :
ക്ലൂ ഒന്ന്: സ്കൂലിൽ മ്യൂസിക് കോംപി –റ്റിഷനാ......
ക്ലൂ രണ്ട് : അമ്മേ – ടെ മുകം ഞങ്ങ്ങ്ങൽക്ക് – – ലക്കിയാ ..

ചോദ്യം മൂന്ന് :
ക്ലൂ ഒന്ന്: ഹേയ് ചെരിയ പാക്കറ്റ് നിന്റെ പേരെന്താ?
ക്ലൂ രണ്ട് : ഹേയ് നിങ്ങൾടെ പേരെന്താ – വെല്യ പാക്കറ്റ് ?

രണ്ടാം റൗണ്ട് One word round ആണ്:
1.Traffic സിഗ്നലിൽ നിൽക്കേണ്ട ഫീമെയിൽ Police ന് നിർബന്ധമായും വേണ്ട ക്വാളിഫിക്കേഷൻ:
2. എന്റെ വീടിന്റെ രഹസ്യം .F for
3. വിവാഹം രണ്ട് മനസ്സുകൾ തമ്മിൽ മാത്രമല്ല രണ്ടു കുടുംബങ്ങൾ തമ്മിലുമാണ് എന്ന വലിയ തത്വം നമ്മളെ പഠിപ്പിച്ചത് ......
(കാര്യങ്ങൾ കൂടുതൽ കടുപ്പമാക്കരുത്......
ചോദ്യത്തിൽ ചോദ്യമില്ല)

വിട്ട ഭാഗം പൂരിപ്പിക്കൽ ആണ് മൂന്നാം റൗണ്ട്:
ഇതിൽ കുറച്ച് ദൂരദർശനും ഹിസ്റ്ററിയും ഉള്ളത് കൊണ്ട് വീട്ടിലെ മുതിർന്ന താരത്തെ വിളിക്കാം.

1.__________എവിടെയോ ആരോഗ്യം അവിടെയേ.
2. Washing powder _________ Washing powder --
3. ___________ turmeric അല്ല cosmetic

നാലാം റൗണ്ട് : ഇനി ഡോക്ടർമാർക്കുള്ള റൗണ്ട് :
ഇത് നിർബന്ധമായും Answer ചെയ്തിരിക്കണം..
തെറ്റിയാൽ negative marks മാത്രമല്ല .
ഇനിയുള്ള 'AAYUSH ' കാലം നിങ്ങളുടെ ബ്രാക്കറ്റിലുള്ള ഡിഗ്രി invalid ആയിത്തീരും ......

1 രാഹുലിന്റെ incessant cry ക്ക് ഡോക്ടർ പ്രിസ്ക്രൈബ് ചെയ്യുന്നത് എന്ത്?
2. പ് ഫല്ലിന്റെ പുളിപ്പിന്നെ ഡോക്ടർ എങ്ങനെ deal ചെയ്തു?
3. എല്ലാ Floor cleaner ഉം സോപ്പും Sanitiser ഉം വിട്ടിട്ടു പോയ ആ 0.1% കീടാണു ഏത് ?


ഉത്തരം തെറ്റിയവർക്ക് :
Needs improvement
മലയാളം അറിയുന്ന മലയാളിയായാൽ പോര
മലയാലം പരയുന്ന മലയാലി ആവാൻ ഷ്രമിക്കൂ
അതായത് അധികതുംഗപദത്തിൽ ശോഭിച്ചിരുന്ന പൂവ് വീണപ്പോൾ ശ്രീ ഭൂവിലസ്ഥിര എന്ന് ജീവിത നൈമിഷികതയെ കുറിച്ച കവിത മനസ്സിലാക്കി, ജീവിതത്തിൽ കുറച്ച് സമയമെങ്കിലും ടിവിയും പരസ്യവും കാണാൻ ശ്രമിക്കുക.

ഫുൾ A+ കാർക്ക് :
Hearty Congrats
ചക്ഷുശ്രവണ ഗളസ്ഥമാം ദർദ്ദുരം ഭക്ഷണത്തിന്ന പേക്ഷിപ്പതു പോലെ കാലാ ഹിനാ പരിഗ്രസ്തമാം ലോകവും ആലോല ചേതസ്സാ ഭോഗങ്ങൾ തേടുന്ന പോലെ ആഗോളീകരണത്തിന്റെ ഈ ആധുനിക കാലഘട്ടത്തിൽ ഉപഭോക്തൃ സംസ്കാരത്തിന്റെ കരാളഹസ്തങ്ങളിൽ പെട്ടു പോയ നിങ്ങൾ ഇനിയെങ്കിലും ഇത്തരം കളികളിൽ പെടാതെ സ്വന്തം ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിക്കൂ.....

The Healing ARTS
KFOG 2021

# ART FROM THE HEART


*Art washes away from the soul the dust of everyday life — Pablo Picasso*




Dr. Shyama Devadasan




Dr. Chithra V
*Kannur*
















Dr. Swapna
*Cochin*




Dr. Cynthia Unni
*Kannur*







**Dr. Elizabeth**
*Calicut*


**Dr. Priya**
*Palakkad*






**Dr. Shony**
*Kannur*






**Dr. Raziya**
*Calicut*








**Dr. Sangeeta**
*Kannur*






**Dr. Ramani**
*Cochin*






**Dr. Sinsila**
*Thrissur*





**Dr. Shyama**
*Thrissur*




**Dr. Chithra**
*Thrissur*




**Dr. Suchithra**
*Kannur*

# Tiny Tots
## (Art from the Heart)



Collector
DR. SHYAMA DEVADASAN,
Thrissur









Aarav and Shreya, Children of Dr. Vrinda, Wayanad





Nirmay
S/o Dr. Remya

Balram
S/o Dr. Shyama





# Tiny Tots

(Art from the Heart)











Dr. Roopa and Vedika,
Daughter and grandchild of
Dr. Padmam







Aadishwar, S/o Dr. Megha


COLLECTD BY
DR PREETHY KORAH

The Healing ARTS
KFOG 2021



# THE NEWSMAKERS

IN THIS YEAR OF COVID 19 PANDEMIC THESE GYNECOLOGISTS HOGGED THE HEADLINES AND CREATED RIPPLES FOR A VARIETY OF REASONS



**Dr.Paily V P**
MD, FRCOG Senior consultant O&G,
Rajagiri hospital,
Aluva, Ernakulam,
vppaily@gmail.com

- Dr. V P Paily is the Senior Consultant and HOD of Obstertics and Gynecology in Rajagiri Hospital, Cochin.
- State Coordinator, Emergency Obstetrics Care and Life Support, Kerala
- Editor of " Why Mothers Die, Kerala – 2004-2021"
- Editor- Obstetric Management Protocols, First edition – 2001

Dr.V P Paily, state coordinator of Confidential Review of Maternal Deaths (CRMD) was invited by the Government of Kerala to participate as faculty in the international webinar on 24th February 2021. Government's aim was to showcase to the world its achievements in the health front through a series of webinars. On 24th, the focus was on sustainable development goals related to health, achieving low Maternal Mortality Ratio (MMR) and Infant Mortality Rate (IMR). The government's target was an MMR of 30 by 2020 and this was achieved. Kerala Government recognized the contribution of Kerala Federation of Obstetrics and Gynecology (KFOG) in achieving the target MMR. The message we conveyed in the webinar was that for developing countries where resource crunch is a major hurdle in achieving development goals, public private partnership is the way forward. The situation in Kerala where 70% of curative health care including deliveries take place in the private sector, its support was essential to achieve the target. We showed that professional bodies like KFOG can act as a link between the government and the private sector and provide the much needed technical support in implementing the strategies. The webinar was attended by experts from the ministry of health government of India, WHO, UNICEF, and the World Bank.



## Dr. Fessy Louis T.

Associate Professor and HOD for with superspeciality MCh course in Department of Reproductive Medicine and Surgery, AIMS Kochi.

– FOGSI Vice President Elect 2021
– ISAR National Executive Member
– Vice President KFOG 2019
– Secretary KFOG (All Kerala Federation of O & G) 2012-18
– Secretary Kerala chapter ISAR
– Executive Member Kerala chapter IFS
– Vice Chairperson Kerala chapter IAGE
– SAFOG Executive member 2013-16
– Member FIGO Reproductive Medicine core committee 2013 - 14
– Rotary Dist 3201 Coordinator Nectar of Life
– FOGSI International Academic Exchange Committee Chairperson 2013 -15.

Dr Fessy was instrumental in implementing the idea and starting First Human Milk Bank in Kerala in 2021, at two places Trissur and Cochin as part of Rotary project, incorporating NNF, IMA, IAP and KFOG.

He is the Rotary District coordinator of clubs from Coimbatore to Kochi for the project called “Nectar of Life”. Human Milk banks collect milk from lactating mothers, pasteurize and stored at -20 C can be used for six months. Human milk banks even though started many years back in western world and nearly 30 years back in Mumbai, this concept is new to our state, which will reduce the neonatal mortality and morbidity.

He is also the present elected Vice President of all India FOGSI 2021-22 fourth from Kerala, first elected ICOG governing council member Indian college of obstetrics and gynecology from Kerala , first elected managing council member of ISAR Indian society for assisted reproduction. He was also the FOGSI all India International academic exchange committee chairperson, SAFOG executive committee member, FIGO reproductive core committee member.



## Dr. C.P. Vijayan

- Pro Vice Chancellor, KUHS
- Former Controller Examinations, KUHS
- Professor of Obstetrics and Gynecology on deputation to KUHS.
- Best medical teacher award winner of KUHS 2018
- Founder Secretary General of KFOG
- Former Medical Superintendent, MCH Kottayam.
- Held various Positions in Medical Education KUHS, IMA, OBG society, Lions International,

Bhrathiya Vidhya Bhavan and other social organizations.





## Dr. Babu K.M.

- A Consultant Gynecologist Caritas Hospital, Kottayam
- WHO Fellowship in IVF during 2004
- Referee for Medical Journal of Armed Forces( Awarded best referee of MJAFI in 2007)

He believes that the necessity is a mother of invention and one should perceive the necessity and find out the solutions for the problems you are facing, then the inventions

and innovations happens. There are some similar stories behind his inventions. As he was examining a patient with the Sim's speculum on a table without a 'U 'cut, he got the idea of modifying the Sim's Speculum, which does not require a 'U' cut on the table and that can be used as a lateral wall retractor. He made a rotatable vaginal speculum. When he was assisting a patient who was undergoing Obstetric Hysterectomy for Atonic PPH, he had to keep the uterus compressed with hands, which was paining

badly. That was the time he thought of inventing the Uterine Holding Forceps for Atonic PPH.

When he saw a post LSCS patient with uterine rupture in Labour, he thought of inventing a new technique for uterine closure which can withstand the stress of labour in the future pregnancy. He invented the new technique of TVT-O and there by Single needle TVT-O device for stress urinary incontinence. He also modified the falope ring applicator. For ladies with inoperable uterus ureterovaginal fistula he invented Tampon catheter .These are the instruments described above





## Dr. Michelle Aline Antony

Senior Consultant Breast & amp; GYN Oncosurgeon, Gimcare Hospital & amp; Kinder Multispecialty Hospital

Dr.Michelle Aline Antony Scripted and directed the Tele Film 'The Edge' in 2021

related to cancer Ladies. The movie has been made available to the public on social media and was launched online, at IMA Kochi, on March 6th in relation to International Women's Day, a tribute to all the women survivors of Breast & GYN cancers. This was conducted by Conserve and launched by the President of KFOG, Dr K Ambujam (Prof & HOD, Govt. Medical College, Trissur & Dean Faculty of Medicine, KUHS). Felicitation was given by the President of Cochin Obstetrics & Gynecology Society, Dr Gracy Thomas. This is a true story coming live to raise the

issue of social stigma, urges society to come forward and erase the fear of cancer and make this a "Cancer Fear Free World"



# Dr. ELIZABETH LUKOSE

Consultant Gynecologist
Baby Memorial Hospital Calicut

The Doctor who followed her Passion for painting along with her profession. In her own words “Art is not just a reflection or imagination of life, art itself is life but an inner connection to the soul. I belong to a conservative family never given the choice to become an artist. But today I can do it... it’s all cause of covid I got time so what I started as a distraction but today I am inspired when people appreciate my paintings and that it could capture more attention. It’s not about brushes or knives for me it’s depth of meaning hidden in my paintings which is engraved in my character. Art is a happiness in share with the world without saying a word, it’s a happiness that I get by letting out of my emotions living my dreams and creating little things that I so love, it’s therapeutic. Love art, for it is pure positive and priceless I look a pause in my busy schedule and found a way to harness full energy of my creative soul!!!”I would recommend ““Don’t hide your talent just because what others think and say but pursue your passion”” Observation practice and perseverance is my mantra.



She is a dubbing artist and throw – ball player & silver medalist in district level cricket as spinner, do sketches and stencil paintings and craft work.







# Dr. Amar Ramachandran

He was the best wicket keeper Kerala Medicos Premier League 2020.

He followed his passion in acting and found time in his busy schedule to act in 14 Malayalam films, 2 Tamil films, 3 short films and a Web series.

His Tamil film ‘Thaainilam’ has won15 awards. His Movies were: Day Night Game, Swargathekkal Sundaram, Rajamma @yahoo, Ore Mugham, Gold Coins, Katha Paranja Katha, Autorsha, Pakshikalku Parayanullathu, Oru Nakshatramulla Aakasham, Aviyal, Thaainilam (Tamil), Kavi Udhesichathu, Gemini, Munthiri Monjan,







## Dr. K A Kammappa

Medical Director and Gynaec HOD New Alma Hospital Mannarcadu.

He started his career in Govt. service and then stated his own hospital, New Alma hospital in 1995. He invented the new method of suturing for atonic PPH which was published in international Journal and presented in AICOG Patna. He is very much active in social services and is mainly interested in environmental protection.

- ★ His 100 bedded Hospital has won pollution control board award for 7 consecutive years.
- ★ Life Achievement award at health conclave 2015 organized by future Medicine Magazine.
- ★ Excellence in Woman Healthcare award during 2020.
- ★ EP Hassan Master Award from Dubai KMCC For his Life time achievement in socio – cultural Field.
- ★ Receiving the Responsible Medical Personality of Kerala Award from Fabian Hamilton Minster UK.
- ★ Manava Seva Award 2016 Given by Unity Foundation, Manarcadu







## Dr. Jeena Baburaj

Consultant Gynecologist
MD, FICOG
Seeyam Hospital, Vadakara
Dr.Jeena got Khanak Goyal National award from Indian Medical Association for “Fight Human Papilloma Virus” Project in 2013 by IMAU Vadakara.



ബാബുരാജിന് അവാർഡ്

[illegible]


ഡോ. ജീന ബാബുരാജ്

The Healing ARTS KFOG 2021

# TANGLE IN THE ART OF ZENTANGLE

**Dr. Sangeetha Varrier**

**Contributers And art of Work**


Dr. Krishna Menon
Thrissur


Dr. Raiza
Kottackal


Dr. Shyama
Thrissur



Dr. Gokulraj
Palakkad


Dr. Amritha
Kollam


Dr. Suchithra
Kannur


Dr. Sangeetha DG
Kannur

TANGLE IN THE ART OF ZENTANGLEZ en doodling seems like the new buzzword but actuallyspeaking patterned art has been there since time immemorial , in fact even before the emergence of languages. Art has been the way of communication and relaxation and still exists to render the same benefits; irrespective of the art form. So whats a doodle and whats a zentangle?? Well everybody has been a doodler in a lifetime!! Surprised ? Everytime we were bored , the patterns we scribble in our books without full attention was in fact doodling. The same ; when intricate patterns are used and with attention and intent to create a image becomes a zentangleIdeally a zentangle is drawn within a 3.5" square area and is black and whiteand doesnate simulateanything. It has strings which forms the division which defines boundaries and the patterns used to fill segments are calledtangles When the image simulates anything or when done in any size of paper and colours its called zendoodlingor zentangle inspired art(ZIA). The remergence of zentangle art as a meditative or mind relaxing therapy is because of its benefits likeincreased eye-hand coordination, relievesstressand anxiety and the best part is anybody can draw(ABCD).There is no mistakes; as any errors can itself give rise to new pattern or tanglesJMandalas , with the word originating from Sanskritmeaning circle and is a very old custom practised by Hindus and











Buddhists.Represent connectedness to universe and have repetitive geometric patterns , working from a central point outwardsand can be colourful tooimitating our Rangolior Pookolam.2

So lets get tangled in the delightful art of zentanglesand mandalas.HERE ARE FEW ZENTANGLE AND ZIA AND MODIFIED MANDALA ARTS:

















# SHOOT THEM WITH YOUR CAMARA

Collected by Dr.Sornavalli

## Dr Jayashree Nayar, Ernakulam

















## DR RAJU NAIR


## Dr Reshma Sajan Palakkad








## Dr Sinsila Thrissur















## Dr Swapna GMC Palakad













## Dr Cynthia













**Dr.Divya Praveen .PKd.Water birds.**























## Dr.Elizabeth . Kozhikode












## Dr.Geetha AP Thrissur












## Dr.Jayakrishnan PMNA























## Dr.Kammapa Pkd Nature's beauty globally














**Dr.Mini Balakrishnan, Thalassery.Beauty and light**












## Dr.Priya Radhakrishnan Pkd
















## Dr.Rani Lakshmi.Kottayam.Wagaman Munnar















## Dr.Shyama Devadasan Thrissur





## Dr.Sornavalli Pkd















## Dr.Vrinda Wynad













# THEN & NOW GUESS

Compiled by
**Dr. Michelle Antony**



01



02



03



04



05



06



07



08



09

# SELFIE CORNER




Compliled by **DR. THULASI**






SELFIE
CORNER













The Healing ARTS

KFOG 2021









# Dance








The Healing ARTS
KFOG 2021









Life is a cycle ..keep on riding *Dr Simi Mohandas*



Sweat out the calories.... *Dr Sinsila*



Train insane or remain the same.. *Dr Sabila*

The Healing ARTS KFOG 2021

# KEEP IT MOVIN

MEET THE FITNESS FREAKS OF KFOG

**Collected By Dr. Vivek**



How far you will stretch to attain fitness... *Dr Preethy Korah*



Cleanse your mind and body with yoga. *Dr Swapna CS*



Nothing can stop a determined *Dr Sathy*



Fitness is a journey not a destination... *Dr Vivek*

# THEN & NOW GUESS

Compiled by
**Dr. Michelle Antony**


10


11


12


13


14


15


16


17


18



# CAKES & BAKES

The Healing
ARTS
KFOG 2021




**DR ELIZABETH JACOB**
HOD SENIOR CONSULTANT
APOLLO ADLUX HOSPITAL, KOCHI
ANGAMALY GYNAEC CLUB



# Chocolate OVERLOAD

1. Sift all the dry ingredients 3 times
   : All purpose flour_1 cup
   : Baking powder_1 tsp
   : Baking soda_1/4 tsp.
   : Cocoa powder_2 tbsp
2. Grind 10 tbsp sugar finely
3. In a large and dry mixing bowl beat 3 eggs till fluffy. Add 1 tsp vanilla essence.pour and whisk 3/4 cup oil.
   Mix in the powdered sugar gradually. Then fold in all the dry ingredients.
4. Grease a 10 inch baking dish and pour in the batter.
5. Bake for 30-35 mins at 180 c
6. For ganache
   In a saucepan combine 3/4 cup cream and 300 gm chocolate on low flame. Keep it aside to cool
7. Whip 2 cups of cream and add 2 tbsp ganache.
8. Divide the cooled cake into 3 layers.
9. Apply cream in between along with chopped dry fruits of your choice. Cover the whole cake in cream and cool in fridge for 3 hours.
10. Pour the ganache on it.
11. Add the decorations off your choice.

***Dr Rani Lakshmi***



# PINEAPPLE CHINA GRASS SURPRISE

*Ingredients*

I pkt 10 gms china grass/ falooda
1 cup sugar
1 tsp vanilla essence
1tin condensed milk
1 lit milk
1cup small pieces stewed pineapple
10 glacé cherries

Cut the china grass into tiny pieces with scissors and soak in a cup of water. Bring 1 liter milk to boil, remove from fire. Boil the china grass until completely dissolved and thickened, add it to the milk. Add the condensed milk, sugar, vanilla essence. Stir till completely dissolved. Pour into a wide dish and allow it to cool and set. Refrigerate. Garnish with stewed pineapple pieces and glacé cherries (cut in half). Serve cold

***Dr Ramani Philip***



